11
2022
ഫെബ്രുവരി
വെള്ളി
മകരം 28

NAUTICAL TIMES
KERALA
The National Daily in Malayalam / English
നോട്ടിക്കൽ ടൈംസ്
കേരള
e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 237 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-237 പേജ് 4. വില 2.00 രൂപ




02 കുട്ടികളുടെ ആശയങ്ങളാണ് വരും കാലത്തിന്റെ പ്രതീക്ഷ മന്ത്രി കെ. എൻ. ബാലഗോപാൽ
03 53 ആധുനിക സ്കൂൾ കെട്ടിടങ്ങൾ മുഖ്യമന്ത്രി നാടിനു സമർപ്പിച്ചു
04 ശിവശങ്കർ സ്വപ്ന പോര് പുതിയ തലത്തിലേക്ക്

# പ്രഖ്യാപനങ്ങൾ ഉറപ്പായും നടപ്പാക്കും : മുഖ്യമന്ത്രി

തിരുവനന്തപുരം: നാടിൻറെ വികസനത്തിനായി സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ ഉറപ്പായും നടപ്പാക്കുമെന്നു മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ സർക്കാരിൻറെ കാലത്തേതുപോലെ ഈ സർക്കാർ ആദ്യ വർഷം പൂർത്തിയാക്കുന്ന വേളയിലും ജനങ്ങൾക്കു മുന്നിൽ പ്രോഗ്രസ് റിപ്പോർട്ട് അവതരിപ്പിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സർക്കാർ പറയുന്നതു നടപ്പാകും എന്ന കാര്യത്തിൽ ജനങ്ങൾക്ക് ഉറപ്പുണ്ടെന്നും മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. നടപ്പാകുന്ന കാര്യം മാത്രമേ പറയൂ എന്നതു സർക്കാരിനെ സംബന്ധിച്ചും നിർബന്ധമുണ്ട്. അതുകൊണ്ടാണു ചില പദ്ധതികൾ നടപ്പായാൽ തങ്ങളുടെ നിലനിൽപ്പ് അപകടത്തിലാകുമോയെന്നു ചിലർക്ക് ആശങ്കയുണ്ട്.

കെറെയിൽ പോലെ നാടിന് ഒഴിച്ചുകൂടാനാകാത്ത പദ്ധതികളെപ്പോലും എതിർക്കാൻ ചിലർ രംഗത്തുവരുന്നത് ഇതുകൊണ്ടാണ്. പ്രഖ്യാപനങ്ങൾ പ്രഖ്യാപനങ്ങളായി കിടക്കേണ്ടതല്ല. പൂർത്തീകരിക്കാനുള്ളതാണെന്ന് ഉറപ്പായി കരുതുന്ന സർക്കാരാണ് ഇപ്പോഴുള്ളത്. ആ നിലയ്ക്കാകും ഇനിയുള്ള കാര്യങ്ങൾ നിർവഹിക്കുക.

കഴിഞ്ഞ നാളുകളിൽ ഒട്ടേറെ ദുരന്തങ്ങളാണു കേരളത്തിന് അഭിമുഖീകരിക്കേണ്ടിവന്നത്. ഓഖിയും നിപ്പയും മഹാപ്രളയവും അതിനെത്തുടർന്നുള്ള കാലവർഷക്കെടുതിയും കോവിഡ് മഹാമാരിയും വലിയ തിരിച്ചടിയുണ്ടാക്കി. കേരളം വലിയ ഒരുമയോടെ നിന്ന് ഇക്കാര്യങ്ങൾ അതിജീവിച്ചു.

ഐക്യരാഷ്ട്ര സഭയുടെ കണക്കു പ്രകാരം മഹാപ്രളയത്തിൽ മാത്രം നമുക്ക് 31,000 കോടി രൂപയുടെ നാശനഷ്ടമുണ്ടായി. കേരളത്തിൻറെ വാർഷിക പദ്ധതി അടങ്കലിനു സമാനമായ തുകയാണിത്. ഇതിൽനിന്നു കരയേറാൻ കേന്ദ്ര സർക്കാരിൽനിന്ന് ആവശ്യമായ സഹായം ലഭിച്ചില്ല. ചിലർ സഹായിക്കാൻ തയാറായപ്പോൾ വേണ്ടെന്നു പറഞ്ഞു വിലക്കി. ഇത്തരം ഒട്ടേറെ പ്രതികൂല ഘടകങ്ങൾ അതിജീവിച്ചാണ് നാം നവകേരളം കെട്ടിപ്പടുക്കാനുള്ള ശ്രമം നടത്തുന്നത്.

വികസന പദ്ധതികൾ തടസപ്പെടാതിരിക്കാനാണ് കിഫ്ബി വഴി പണം കണ്ടെത്തി 50,000 കോടി രൂപയുടെ പശ്ചാത്തലസൗകര്യ വികസനത്തിനായി ചെലവഴിക്കാൻ തീരുമാനിച്ചത്. എന്നാൽ 62,000 കോടി രൂപയുടെ പദ്ധതികൾ നടപ്പാക്കാനായി.

ഏതു ദുരന്ത ഘട്ടത്തിലും ദുരിതമനുഭവിക്കുന്ന ജനങ്ങൾക്കൊപ്പം സർക്കാർ ഉണ്ടാകുമെന്ന ബോധ്യമാണു ഭരണത്തുടർച്ചയിലേക്കു നയിച്ചത്. കൂടുതൽ മെച്ചപ്പെട്ട രീതിയിൽ നാടിൻറെ വികസനം ഉറപ്പാക്കുക എന്നതു പ്രധാന കടമയായിക്കണ്ടാണു സർക്കാർ പ്രവർത്തിക്കുന്നത്.

കഴിഞ്ഞ അഞ്ചു വർഷം ചെയ്ത കാര്യങ്ങൾ തുടർച്ചയായി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. ഇതിനൊപ്പം പുതിയ നിരവധി പദ്ധതികൾ വരേണ്ടതായിട്ടുണ്ടെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

## കേന്ദ്ര ബഡ്ജറ്റിലെ കർഷക കർഷക അവഗണനക്കെതിരെ പ്രതിഷേധ ധർണ്ണ

കൊല്ലം : കേന്ദ്ര ബജറ്റിൽ കാർഷിക മേഖലയെ പാടെ അവഗണിച്ചതിൽ പ്രതിഷേധിച്ച് ഇന്ന് വൈകുന്നേരം ഏരിയ,വില്ലേജ് കേന്ദ്രങ്ങളിൽ കർഷകസംഘം നേതൃത്വത്തിൽ പ്രതിഷേധ ധർണ നടത്തുമെന്ന് കർഷകസംഘം ജില്ലാ പ്രസിഡൻറ് അഡ്വ.ബിജു കെ മാത്യുവും സെക്രട്ടറി സി ബാൾഡുവിനും അറിയിച്ചു.

2021 22 ൽ പുതുക്കിയ കണക്കുപ്രകാരം 4,74,750.47 കോടി ആയിരുന്നു കാർഷിക മേഖലയ്ക്കുള്ള മൊത്തം വിഹിതം. ഈ ബഡ്ജറ്റിൽ 3,70,303 കോടിയായി കുറച്ചു. ഒരു ലക്ഷം കോടി രൂപയാണ് വെട്ടിക്കുറച്ചത്. വിള സംഭരണം, വിള ഇൻഷുറൻസ്, ഭക്ഷ്യ രാസവള കീടനാശിനി സബ്സിഡി തുടങ്ങിയവയിലുള്ള വിഹിതവും കുറച്ചു. എല്ലാ വിളയെയും വിള സംഭരണത്തിൻറെ പരിധിയിൽ പെടുത്തണമെന്ന ആവശ്യം അംഗീകരിച്ചില്ല.1.63 കോടി കർഷകരിൽനിന്ന് 1208 ലക്ഷം ടൺ നെല്ലും ഗോതമ്പും സംഭരിക്കുന്ന കാര്യം മാത്രമാണ് ബഡ്ജറ്റിൽ ഉള്ളത്. 10 ശതമാനം കർഷകരെ ഇതിൽ പെടു. ഇത് മുൻ വർഷവുമായി താരതമ്യപ്പെടുത്തിയാൽ സംഭരണത്തിൻറെ 7 ശതമാനത്തിൻറെയും ഗുണഭോക്താക്കൾ 17 ശതമാനത്തിൻറെയും കുറവുണ്ട്. സംയുക്ത കർഷക പ്രക്ഷോഭം വിജയിച്ചതിലുള്ള പ്രതികാരം സർക്കാർ ബഡ്ജറ്റിലൂടെ വീട്ടുകയാണ്. കേന്ദ്ര സർക്കാരിൻറെ കർഷക വിരുദ്ധ നയങ്ങൾക്കെതിരായി കോവിഡ് പ്രോട്ടോകോൾ പാലിച്ച് ഇന്ന് നടക്കുന്ന പരിപാടി വിജയിപ്പിക്കണമെന്ന് ജില്ലാ ഭാരവാഹികൾ അഭ്യർത്ഥിച്ചു.

## സ്വപ്നയുടെ ശമ്പളം തിരിച്ചുപിടിക്കുന്നു; പ്രൈസ്വാട്ടർ കൂപ്പറിന് സർക്കാർ കത്ത് നൽകി

തിരുവനന്തപുരം: സ്വപ്നാ സുരേഷിന് സ്പെയ്സ് പാർക്കിലെ ജോലിയിൽ ലഭിച്ച ശമ്പളം തിരിച്ചുപിടിക്കാൻ സർക്കാർ നീക്കം. സ്വപ്നയുടെ ശമ്പളം തിരികെ നൽകണമെന്നാവശ്യപ്പെട്ട് പ്രൈസ് വാട്ടർ കൂപ്പറിന് സർക്കാർ കത്ത് നൽകി. ധനപരിശോധനാ വിഭാഗത്തിൻറെ റിപ്പോർട്ടിന്മേലാണ് നടപടി. വ്യാജ രേഖ ഉപയോഗിച്ചുള്ള നിയമനത്തിലൂടെ സർക്കാരിന് സംഭവിച്ച നഷ്ടം തിരിച്ചു പിടിക്കണമെന്നായിരുന്നു ധനപരിശോധന വിഭാഗത്തിൻറെ റിപ്പോർട്ട്.

## മധു വധക്കേസ്: വിചാരണ നേരത്തെയാക്കി, ഈ മാസം 18 ന്

കൊച്ചി: അട്ടപ്പാടി മധു വധക്കേസ് നേരത്തേ പരിഗണിക്കാൻ തീരുമാനം. ഈ മാസം 18 ന് കേസ് പരിഗണിക്കും. മണ്ണാർക്കാട് എസ്സി എസ്ടി കോടതിയാണ് കേസ് പരിഗണിക്കുന്നത്.

ഹൈക്കോടതി ഇടപെടലിനെ തുടർന്നാണ് നടപടി. കേസിലെ പ്രതികൾക്ക് ഇന്ന് ഡിജിറ്റൽ തെളിവുകളും കുറ്റപത്രവും കൈമാറിയിരുന്നു. കോടതിയിൽ എത്തിയാണ് പ്രതികൾ തെളിവുകൾ ശേഖരിച്ചത്. കുറ്റപത്രവും, ഡിജിറ്റൽ തെളിവുകളും പ്രതികൾക്ക് നൽകാത്തതിനാൽ കേസ് നീണ്ടു പോവുകയാണെന്ന വിമർശനം ഉയർന്നിരുന്നു.

2018 ഫെബ്രുവരി 22നാണ് ആൾക്കൂട്ട മർദനത്തിരയായ മധു കൊല്ലപ്പെടുന്നത്. മോഷണക്കുറ്റം ആരോപിക്കപ്പെട്ടാണ് പട്ടാപ്പകൽ മധുവിനെ ഒരു സംഘം ആളുകൾ കെട്ടിയിട്ട് മർദ്ദിക്കുകയും പോലീസിന് കൈമാറുകയും ചെയ്തത്.

പോലീസ് വാഹനത്തിൽ ആശുപത്രിയിൽ കൊണ്ടുപോകുന്ന വഴി മധു മരണപ്പെടുകയായിരുന്നു. മധുവിനെ കൈകൾ ബന്ധിച്ച് മർദിക്കുകയും കൈവശമുണ്ടായിരുന്ന സഞ്ചി പരിശോധിക്കുകയും ചെയ്ത അക്രമികൾ വീഡിയോ മൊബൈൽ ഫോണിൽ പകർത്തി സാമൂഹ്യമാധ്യമങ്ങളിലൂടെയും പ്രചരിപ്പിച്ചിരുന്നു.

## വോട്ട് തെറ്റിയാൽ കേരളമാകും; അധിക്ഷേപ പ്രസ്താവനയുമായി യുപി മുഖ്യൻ യോഗി

ലക്നോ: കേരളത്തെ അധിക്ഷേപിച്ച് ഉത്തർപ്രദേശ് മുഖ്യമന്ത്രി യോഗി ആദിത്യനാഥ്. യുപിയെ കേരളത്തെ പോലെ ആകാൻ സമ്മതിക്കരുതെന്ന് യോഗി ആദിത്യനാഥ് വോട്ടർമാരോട് ആവശ്യപ്പെട്ടു. വോട്ടർമാർ തെറ്റ് ചെയ്താൽ സംസ്ഥാനം കാഷ്മീരോ കേരളമോ ബംഗാളോ ആകുമെന്ന് യോഗി പറഞ്ഞു.

ട്വിറ്ററിലാണ് യോഗി വിവാദ പ്രസ്താവന നടത്തിയത്. ഒന്നാം ഘട്ട തെരഞ്ഞെടുപ്പ് നടക്കവെയാണ് വിവാദ പ്രസ്താവനയുമായി ബിജെപി നേതാവ് രംഗത്തെത്തിയിരിക്കുന്നത്.

കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ നിരവധി നല്ല കാര്യങ്ങൾ സംസ്ഥാനത്ത് നടന്നു. എന്നാൽ സൂക്ഷിക്കു, നിങ്ങൾ തെറ്റായി സമ്മതിദാനം വിനയോഗിച്ചാൽ ഈ അഞ്ചുവർഷത്തെ അധ്വാനം നശിക്കും. ഉത്തർപ്രദേശ് കാഷ്മീരും കേരളവും ബംഗാളും ആകാൻ അധികം സമയം വേണ്ടി വരില്ല .യോഗി ട്വിറ്ററിൽ നൽകിയ വീഡിയോയിൽ പറഞ്ഞു.

അഞ്ചുവർഷത്തെ തൻറെ പ്രയത്നത്തിനുള്ള അനുഗ്രഹമായാണ് നിങ്ങളുടെ വോട്ടിനെ കാണുന്നത്. നിങ്ങളുടെ വോട്ട് നിങ്ങളുടെ ഭയരഹിത ജീവിതത്തിൻറെ ഉറപ്പ് കൂടിയാണെന്നും യോഗി കൂട്ടിച്ചേർത്തു. വലിയ തീരുമാനം എടുക്കാനുള്ള സമയം വന്നിരിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷത്തിനിടെ ബിജെപിയുടെ ഇരട്ട എൻജിൻ സർക്കാർ അർപ്പണബോധത്തോടെയും പ്രതിബദ്ധതയോടെയും എല്ലാം ചെയ്തു യോഗി അവകാശപ്പെട്ടു.

പടിഞ്ഞാറൻ യുപിയിലെ 58 നിയമസഭ സീറ്റുകളിലേക്കാണ് ഇന്ന് വോട്ടെടുപ്പ് നടക്കുന്നത്. പടിഞ്ഞാറൻ യുപിയിലെ പ്രബല സമുദായമായ ജാട്ട് വിഭാഗക്കാ രുടെ സഹായത്തോടെ 53 നിയമസഭാ സീറ്റുകളാണ് 2017 നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപി സ്വന്തമാക്കിയത്. കർഷക സമരത്തെ തുടർന്ന് ഉയർന്നു വന്ന ബിജെപി വിരുദ്ധ വികാരവും കരിമ്പ് കർഷകർക്ക് വില കൂട്ടി നൽകുമെന്ന വാഗ്ദാനം പാലിക്കപ്പെടാത്തതും ബിജെപിക്ക് വെല്ലുവിളിയാണ്.

## ആദിവാസി വിഭാഗത്തിൽ നിന്നും 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർ

വനാശ്രിതരായ ആദിവാസി വിഭാഗത്തിലുള്ളവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വനം വകുപ്പിൽ 500 ബീറ്റ് ഫോറസ്റ്റ് ഓഫീസർ തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശത്തിനുള്ള ഭേദഗതിയ്ക്ക് മന്ത്രിസഭ അംഗീകാരം നൽകി. നിയമനത്തിന് പരിഗണിക്കുന്നതിനുള്ള പ്രായപരിധി നേരത്തെ 33 വയസ്സ് എന്നത് 41 ആയി ഉയർത്തി. ശാരീരിക യോഗ്യതയിലും ഇളവ് വരുത്തിയിട്ടുണ്ട്. പബ്ലിക് സർവ്വീസ് കമ്മീഷൻ ആവശ്യപ്പെട്ട ഭേദഗതികളും കൂടി ഉൾപ്പെടുത്തി പുതിയ ഉത്തരവ് പുറപ്പെടുവിക്കും.

വനാശ്രിതരായ ആദിവാസി വിഭാഗത്തിന്റെ ജീവിത സാഹചര്യം കൂടുതൽ മെച്ചപ്പെടുത്തുക, പശ്ചിമഘട്ട മലനിരകളുടെ സംരക്ഷണം, പരിസ്ഥിതി സംരക്ഷണം, അനധികൃത കുടിയേറ്റവും വന്യജീവികളുടെ ആക്രമണവും തടയുക തുടങ്ങിയ പ്രവർത്തനങ്ങൾ സുഗമമായി നടത്തുന്നതിനായി വനം സംബന്ധിച്ച അറിവും സുപരിചിതത്വവും പരിഗണിച്ചാണ് ആദിവാസി വിഭാഗത്തിൽപ്പെട്ടവരെ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന സ്പെഷ്യൽ റിക്രൂട്ട്മെന്റിലൂടെ നിയമിക്കാൻ തീരുമാനിച്ചതെന്ന് വനംവന്യജീവി വകുപ്പു മന്ത്രി എ.കെ.ശശീന്ദ്രൻ പറഞ്ഞു. അവിവാഹിതരായ അമ്മമാർ, അവരുടെ കുട്ടികൾ, വിധവകളായ അമ്മമാരുടെ കുട്ടികൾ എന്നിവർക്കും അനിമൽ ഹാൻഡ്ലിംഗ് ഇൻസൂ ആൻഡ് ഫോറസ്റ്റ് കോഴ്സ് പാസായ പട്ടിക വർഗ്ഗത്തിൽപ്പെട്ടവർക്കും ജനറൽ ക്വാട്ടയിൽ മുൻഗണന ലഭിക്കും. വനം വകുപ്പിൽ താൽക്കാലിക ജീവനക്കാരായി കുറഞ്ഞത് 500 ദിവസമെങ്കിലും ജോലി ചെയ്തിട്ടുള്ള പട്ടിക വർഗത്തിൽപെട്ടവർക്ക് ആകെ ഒഴിവിന്റെ 40 ശതമാനം സംവരണം അനുവദിക്കുമെന്നും അദ്ദേഹം അറിയിച്ചു.



പൂവച്ചൽ ഗവൺമെന്റ് വി.എച്ച്.എസ്.എസിൽ അഞ്ചു കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ചു നിർമിച്ച കെട്ടിടത്തിന്റെ താക്കോൽ മുഖ്യമന്ത്രി പിണറായി വിജയൻ ജി. സ്റ്റീഫൻ എം.എൽ.എയ്ക്കു കൈമാറുന്നു

## എയർ ഇന്ത്യ ഉദ്യോഗസ്ഥനെതിരെ വ്യാജ പരാതി; സ്വപ്നയ്ക്കെതിരെ കുറ്റപത്രം സമർപ്പിച്ചു

തിരുവനന്തപുരം: എയർ ഇന്ത്യ ഉദ്യോഗസ്ഥനെതിരെ വ്യാജപീഡന പരാതി നൽകിയെന്ന കേസിൽ സ്വപ്ന സുരേഷിനെതിരെ ക്രൈംബ്രാഞ്ച് കുറ്റപത്രം സമർപ്പിച്ചു. എയർ ഇന്ത്യ സാറ്റ്സ് വൈസ് ചെയർമാൻ ബിനോയ് ജേക്കബ് ആണ് കേസിൽ ഒന്നാം പ്രതി.

ബിനോയ് ജേക്കബ്, സ്വപ്ന എന്നിവരുൾപ്പെടെ 10 പേർക്കെതിരെയാണ് കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. കേസിൽ പ്രതികൾക്കെതിരെ വ്യാജരേഖ ചമയ്ക്കലും ഗൂഢാലോചനക്കുറ്റവുമാണ് ചുമത്തിയിരിക്കുന്നത്.

വ്യാജപരാതി ഉണ്ടാക്കിയത് എച്ച്ആർ മാനേജർ ആയിരുന്ന സ്വപ്ന സുരേഷായിരുന്നെന്ന് ക്രൈംബ്രാഞ്ച് കുറ്റപത്രത്തിൽ പറയുന്നു. എയർ ഇന്ത്യയിലെ ആഭ്യന്തര അന്വേഷണ സമിതിയേയും ക്രൈംബ്രാഞ്ച് പ്രതിയാക്കിയിട്ടുണ്ട്. കേസിൽ രണ്ടാം പ്രതിയാണ് സ്വപ്ന.

2016 മാർച്ചിലാണ് എയർ ഇന്ത്യ ഗ്രൗണ്ട് ഓഫിസർ ആയിരുന്ന എൽ.എസ്. സിബുവിനെതിരെ 17 സ്ത്രീകൾ ഒപ്പിട്ട പീഡന പരാതി എയർപോർട്ട് അതോറിറ്റിക്കു തപാലിൽ ലഭിച്ചത്. ഇതു വ്യാജമാണെന്നു സിബു വലിയതുറ പോലീസിൽ പരാതി നൽകി. ഇക്കാര്യം പ്രാഥമിക അന്വേഷണത്തിൽ ബോധ്യപ്പെട്ടതോടെ എഫ്ഐആർ റജിസ്റ്റർ ചെയ്തു ജില്ലാ ക്രൈംബ്രാഞ്ചിന് അന്വേഷണത്തിനു കൈമാറി.

പരാതിയിൽ ഒപ്പിട്ട 17 പേരെ ചോദ്യം ചെയ്യാൻ വിളിച്ചുവരുത്തി. ഭൂരിഭാഗം പേരും പരാതിയെപ്പറ്റി അറിവില്ലെന്നും തങ്ങളല്ല ഒപ്പിട്ടതെന്നും മൊഴി നൽകി. എയർ ഇന്ത്യ സാറ്റ്സ് വൈസ് പ്രസിഡൻറ് ബിനോയ് ജേക്കബും ജീവനക്കാരി സ്വപ്ന സുരേഷുമാണ് ഒപ്പിടാൻ സമ്മർദം ചെലുത്തിയതെന്നു ചിലർ വെളിപ്പെടുത്തി.

ഇതോടെയാണ് കേസിൽ തുടർനടപടികൾ നിലച്ചത്. എയർ ഇന്ത്യയുടെ ഉന്നത ഉദ്യോഗസ്ഥരെ വരെ കേസിൽ ചോദ്യം ചെയ്തു. എന്നാൽ സ്വപ്നയെ മാത്രം ക്രൈംബ്രാഞ്ച് തൊട്ടില്ല. എയർ ഇന്ത്യയുടെ പരാതിയിൽ കോടതിയിൽ ക്രൈംബ്രാഞ്ച് നൽകിയ മറുപടിയിൽ, സ്വപ്നയെ ചോദ്യം ചെയ്യണമെന്നു ചൂണ്ടിക്കാട്ടിയിരുന്നു. പക്ഷേ അതുണ്ടായില്ല.

തെളിവൊന്നും കണ്ടെത്തിയില്ലെന്ന് കാണിച്ച് 2017 ഓഗസ്റ്റിൽ അന്വേഷണ ഉദ്യോഗസ്ഥൻ തിരുവനന്തപുരം ജില്ലാ കോടതിയിൽ റിപ്പോർട്ട് നൽകി. 2018 ൽ ഇക്കാര്യം പുറത്തു വന്നപ്പോൾ സിബു ഹൈക്കോടതിയെ സമീപിച്ചു. 2019 ജൂലൈയിൽ ഹൈക്കോടതി വിധി വന്നു. അന്വേഷണം ക്രൈംബ്രാഞ്ചിനെ ഏൽപിക്കണമെന്നും സത്യസന്ധനായ ഉദ്യോഗസ്ഥൻ അന്വേഷിക്കണമെന്നുമായിരുന്നു വിധി.

തിരുവനന്തപുരത്ത് എസ്പിയുടെ നേതൃത്വത്തിൽ അന്വേഷണം പുനരാരംഭിച്ചു. പരാതിയിൽ ഒപ്പിട്ട പെൺകുട്ടികളെയെല്ലാം വിളിച്ചുവരുത്തിയെങ്കിലും സ്വപ്നയെ വിളിച്ചില്ല. സിബു ക്രൈംബ്രാഞ്ച് എ!ഡിജിപിയെ കണ്ടു വീണ്ടും പരാതി നൽകി. കോടതിയെയും സമീപിച്ചു. അഞ്ച് മാസത്തിനകം കുറ്റപത്രം നൽകുമെന്ന് ക്രൈംബ്രാഞ്ച് അറിയിച്ചു.

2020 ൽ സ്വപ്നയെ ആദ്യമായി ചോദ്യം ചെയ്യാൻ വിളിപ്പിച്ചു. ചോദ്യം ചെയ്യുന്നതിനിടെ ഉന്നതർ ഇടപെട്ടതോടെ വിട്ടയച്ചു. ഒടുവിൽ സ്വർണക്കടത്ത് കേസിൽ വിവാദം മുറികിയതോടെയാണ് സ്വപ്നയെ രണ്ടാം പ്രതിയാക്കി കോടതിയിൽ റിപ്പോർട്ട് നൽകാൻ ക്രൈംബ്രാഞ്ച് തയാറായത്.

## യുവതികളുടെ മേൽ കാർ പാഞ്ഞുകയറി ഒരു മരണം

മരട് (കൊച്ചി): ജോലി കഴിഞ്ഞ് രാത്രി ഭക്ഷണം വാങ്ങി ഹോസ്റ്റലിലേക്കു മടങ്ങുകയായിരുന്ന യുവതികളുടെ മേൽ കാർ പാഞ്ഞു കയറിയുണ്ടായ അപകടത്തിൽ ഒരാൾ മരിച്ചു. മറ്റൊരാൾക്ക് ഗുരുതരമായി പരിക്കേറ്റു. കാഞ്ഞിരപ്പിള്ളി പാറത്തോട് അംബേദ്കർ കോളനിയിലെ പൊടിമറ്റത്തിൽ സാബുവിൻറെ മകൾ സാന്ദ്ര (23) ആണ് മരിച്ചത്. കൈകാലുകൾക്ക് ഒടിവും തലയ്ക്ക് പരിക്കുമേറ്റ പാലക്കാട് കെന്നൻചേരി അയക്കാട് ചുങ്കത്തോടിയിൽ എം. അജിത്ര (24) ആശുപത്രിയിൽ ചികിത്സയിലാണ്.

വൈറ്റിലയിലെ ഫാസ്റ്റ്ഫുഡ് ഷോറൂമിലെ ജീവനക്കാരായ ഇരുവരും രാത്രി ഭക്ഷണവുമായി ഹോസ്റ്റലിലേക്കു മടങ്ങവേ വൈറ്റിലയിലായിരുന്നു അപകടം. കുണ്ടന്നൂർ ഭാഗത്തുനിന്ന് അമിതവേഗത്തിൽ വന്ന കാറാണ് യുവതികളെ ഇടിച്ചുവീഴ്ത്തിയത്. ഇരുവരെയും ഉടൻ ആശുപത്രിയിലെത്തിച്ചെങ്കിലും രാത്രി പത്തോടെ സാന്ദ്ര മരിച്ചു.




കൊട്ടിയം മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ നടത്തിയ ആടുവളർത്തൽ ഏകദിന പരിശീലനപരിപാടി എം. നൗഷാദ് എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

# ലൈഫ് മിഷൻ മൂന്നാംഘട്ടം: മനസ്സോടിത്തിരി മണ്ണിലേക്ക് ഫെഡറൽ ബാങ്കും

ലൈഫ് മിഷന്റെ മൂന്നാം ഘട്ടത്തിൽ ഭൂഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കാനായി സംഘടിപ്പിക്കുന്ന മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിനിൽ ഫെഡറൽ ബാങ്കും കൈകോർക്കുന്നു. തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്ററുടെ ചേംബറിൽ നടന്ന ചടങ്ങിൽ ഫെഡറൽ ബാങ്ക് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ബാബു കെ എ ലൈഫ് മിഷനുള്ള സമ്മതപത്രം കൈമാറി.

മൂവാറ്റുപുഴയിൽ ഒന്നര ഏക്കർ ഭൂമിയും പെരുമ്പാവൂരിൽ പന്ത്രണ്ട് സെന്റും തൃശൂർ ആമ്പല്ലൂരിൽ അഞ്ച് സെന്റ് ഭൂമിയുമാണ് ഫെഡറൽ ബാങ്ക് ലൈഫ് മിഷനുവേണ്ടി നൽകുന്നത്. മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഉദ്ഘാടന വേളയിൽ 1000 ഭൂരഹിതർക്ക് ഭൂമി വാങ്ങാനായി 25 കോടി രൂപ കെ. ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ നൽകുവാൻ ധാരണയായിരുന്നു. നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ ഭൂരഹിതർക്ക് 50 സെന്റ് ഭൂമി സംഭാവന നൽകി സമീർ പി ബിയും ഉദ്ഘാടനവേദിയെ ഹൃദ്യമാക്കി. വിഖ്യാത ചലച്ചിത്രകാരനായ അടൂർ ഗോപാലകൃഷ്ണൻ അടൂരിലെ കുടുംബസ്വത്തായ 13.5 സെന്റ് ഭൂമി നൽകാൻ തയ്യാറാണെന്ന് അറിയിച്ചിരുന്നു.

ഫെഡറൽ ബാങ്കിന്റെ നല്ല മനസ്സിന് സംസ്ഥാന സർക്കാരിന് വേണ്ടി നന്ദി അറിയിക്കുന്നതായി മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. ഫെഡറൽ ബാങ്ക് പോലെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്ഥാപനങ്ങളും സംരംഭകരും സെലിബ്രിറ്റികളും മനസ്സോടിത്തിരി മണ്ണുമായി സഹകരിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ ലൈഫ് മിഷനിലൂടെ നിരവധി നിരാലംബരായ ജനങ്ങൾക്ക് സ്വന്തമായ വീടെന്ന സ്വപ്നം യാഥാർത്ഥ്യമാക്കാൻ സാധിച്ചു. അർഹരായ ആളുകളിലേക്കാണ് സർക്കാരിന്റെ കരുതൽ എത്തുന്നതെന്ന് മനസ്സിലാക്കിയാണ് ഫെഡറൽ ബാങ്ക് മനസ്സോടിത്തിരി മണ്ണ് നൽകുന്നതെന്ന് എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ബാബു കെ എ പറഞ്ഞു.

ഫെഡറൽ ബാങ്ക് വൈസ് പ്രസിഡന്റ് സാജൻ ഫിലിപ്പ് മാത്യു, ജേഡി കോരാസോൺ, ഷിൻജ്യു അബ്ദുള്ള എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

# കേരളം ലഹരിയുടെ പിടിയിലല്ല എക്സൈസ് വകുപ്പ് ജാഗരൂകമാണ്: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

കേരളത്തെ ലഹരിയുടെ കേന്ദ്രമെന്ന് ചിത്രീകരിക്കാനുള്ള ചിലരുടെ നിക്ഷിപ്ത ശ്രമങ്ങളെ തിരിച്ചറിയണമെന്നും രാഷ്ട്രീയ വിദ്വേഷം കൊണ്ട് സംസ്ഥാനത്തെ അപകീർത്തിപ്പെടുത്തുന്ന സാമ്പ്രദായിക രീതിയിൽ നിന്നും മാറി ചിന്തിക്കാൻ പ്രതിപക്ഷ കക്ഷികൾ തയ്യാറാവണമെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം. വി. ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

സംസ്ഥാനത്ത് എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. ഈ വസ്തുത മറച്ചുവെച്ചുകൊണ്ടാണ് ചിലർ കുപ്രചരണങ്ങളിലേർപ്പെടുന്നതെന്ന് മന്ത്രി വ്യക്തമാക്കി.

എക്സൈസ് വകുപ്പ് നല്ല നിലയിലാണ് ലഹരി മാഫിയക്കെതിരായ പ്രവർത്തനങ്ങൾ നടത്തുന്നത്. ഈ വർഷം ജനുവരിയിൽ മാത്രം 1540 അബ്കാരി കേസ്സുകളിലായി 249 ലിറ്റർ ചാരായവും 4106 ലിറ്റർ വിദേശമദ്യവും 1069 ലിറ്റർ അന്യസംസ്ഥാന വിദേശമദ്യവും 22,638 ലിറ്റർ വാഷും എക്സൈസ് വകുപ്പ് കണ്ടെടുത്തിട്ടുണ്ട്. 1257 പേരെയാണ് വിവിധ കേസുകളിലായി അറസ്റ്റ് ചെയ്തത്. എൻ ഡി പി എസ് ആക്റ്റ് പ്രകാരം 367 കേസ്സുകൾ രജിസ്റ്റർ ചെയ്തു. 291 കിലോഗ്രാം കഞ്ചാവ്, 17.4 കിലോഗ്രാം ഹാഷിഷ്, 615 ഗ്രാം എം ഡി എം എ, 24 കഞ്ചാവ് ചെടികൾ, 156 ഗ്രാം നാർക്കോട്ടിക് ഗുളികകൾ മുതലായവ പിടിച്ചെടുക്കാൻ എക്സൈസ് വകുപ്പിന് സാധിച്ചു. 7535 കോട്പാ കേസുകളിലായി 4554 കിലോ നിരോധിത പുകയില ഉൽപ്പന്നങ്ങൾ പിടിച്ചെടുത്ത് 15,06,800 രൂപ പിഴ ചുമത്താനും കഴിഞ്ഞെന്ന് മന്ത്രി വിശദമാക്കി.

യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചു വരുന്ന മയക്കുമരുന്നുകളുടെ ഉപയോഗവും, ഉപഭോഗവും തടയുന്നതിനുള്ള തീവ്രയത്നത്തിലാണ് എക്സൈസ് വകുപ്പുള്ളതെന്ന് മന്ത്രി പറഞ്ഞു. കഴിഞ്ഞ ജനുവരി മാസത്തിൽ മാനന്തവാടി എക്സൈസ് റെയ്ഞ്ച് ഉദ്യോഗസ്ഥർ 475 ഗ്രാം എം ഡി എം എ, 7 ഗ്രാം എഫിഡ്രൈൻ എന്നിവ പിടിച്ചെടുത്തു. 3 പേരെ അറസ്റ്റ് ചെയ്തു. പാലക്കാട് ജില്ലാ നർക്കോട്ടിക് സ്ക്വാഡ് 11.3 കിലോഗ്രാം ഹാഷിഷ് ഓയിൽ പിടിച്ചെടുത്ത് കേസെടുത്തു. കണ്ണൂർ നർക്കോട്ടിക് സ്ക്വാഡ് 23 കിലോഗ്രാം കഞ്ചാവും, 957 ഗ്രാം ഹാഷിഷ് ഓയിലും പിടിച്ചെടുത്തു. കോഴിക്കോട്ട് 55.2 ഗ്രാം എം ഡി എം എ യും എറണാകുളത്ത് 94.74 ഗ്രാം എം ഡി എം എയും കൊല്ലത്ത് 32 കിലോ കഞ്ചാവും പിടിച്ചെടുത്ത് കേസെടുത്തിട്ടുണ്ട്.

സംസ്ഥാനത്തൊട്ടാകെ മികച്ച രീതിയിൽ മയക്കുമരുന്ന് വേട്ട നടത്തുന്നതിലൂടെ കേരളത്തെ മയക്കുമരുന്ന് ഹബ്ബാക്കി മാറ്റാനുള്ള മയക്കുമരുന്ന് മാഫിയയുടെ ശ്രമത്തെ ഇല്ലാതാക്കാൻ സർക്കാരിന് സാധിക്കുന്നുണ്ട്. ഇത്തരം വസ്തുതകൾ മറച്ചുവെച്ചാണ് തെറ്റിദ്ധാരണാ ജനകമായ വർത്തമാനങ്ങളുമായി ചിലർ മുന്നോട്ടുവരുന്നതെന്ന് മന്ത്രി കൂട്ടിചേർത്തു.

# കുട്ടികളുടെ ആശയങ്ങളാണ് വരും കാലത്തിന്റെ പ്രതീക്ഷ മന്ത്രി കെ. എൻ. ബാലഗോപാൽ

കുട്ടികളുടെ ആശയങ്ങളിലാണ് വരും കാലത്തിന്റെ പ്രതീക്ഷ നിലനിൽക്കുന്നതെന്ന് ധനകാര്യവകുപ്പ് മന്ത്രി കെ. എൻ. ബാലഗോപാൽ. കുളക്കട സർക്കാർ ഹയർ സെക്കൻഡറി സ്കൂളിൽ പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനത്തോടനുബന്ധിച്ച പൊതുസമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. പുതിയ ആശയങ്ങൾക്ക് പ്രോത്സാഹനം നൽകുകയാണ് സർക്കാരിന്റെ നയം. അതിന് അനുസൃതമായ വികസന കാഴ്ചപ്പാടാണുള്ളത്. ഉൽപാദന വർധനയും കാർഷിക സമൃദ്ധിയും ലക്ഷ്യമാക്കിയുള്ള വിജ്ഞാന വ്യാപനമാണ് കാലഘട്ടം ആവശ്യപ്പെടുന്നത്. സ്കിൽ പാർക്ക് പോലെയുള്ളവ കുട്ടികൾക്ക് കൂടി പ്രയോജനപ്പെടുത്തുന്നതിന് സാധ്യതകൾ ആരായുകയുമാണ്. വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കി സംസ്ഥാനത്തെ സ്കൂൾ കെട്ടിടങ്ങൾ ഉൾപ്പെടെ അടിസ്ഥാന സൗകര്യ വികസനം സാധ്യമാക്കുകയാണ് സർക്കാർ എന്നും അദ്ദേഹം പറഞ്ഞു.

ഇവിടുത്തെ സ്കൂൾകെട്ടിടം ഉൾപ്പെടെ 53 വിദ്യാലയങ്ങൾക്കുള്ള പുതിയ കെട്ടിടങ്ങളുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിലൂടെ നിർവഹിച്ചു. പിന്നാലെയാണ് പൊതുസമ്മേളനം നടത്തിയത്. വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.ഹർഷകുമാർ അദ്ധ്യക്ഷനായി. മുൻ എം. എൽ. എ അഡ്വ. പി. ഐഷാ പോറ്റി മുഖ്യ പ്രഭാഷണം നടത്തി. ജില്ലാപഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ.സുമാലാൽ, കുളക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് അഡ്വ.പിറ്റി.ഇന്ദുകുമാർ, ജില്ല പഞ്ചായത്ത് അംഗം ആർ. രശ്മി, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് അഡ്വ.ബച്ചി ബി.മലയിൽ, കുളക്കട ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് കവിതാ ഗോപകുമാർ, വെട്ടിക്കവല ബ്ലോക്കിലെ ആരോഗ്യ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധ്യക്ഷരായ എ. അജി,എസ്.രഞ്ജിത്ത്, അംഗം എൻ. മോഹനൻ, കുളക്കട ഗ്രാമപഞ്ചായത്ത് അംഗം സന്ധ്യ എസ്. നായർ, കൊട്ടാരക്കര ഡി.ഇ.ഒ സുരേഷ് ബാബു, കുളക്കട എ.ഇ.ഒ നളിനി വി., കുളക്കട ബി.പി.സി രാജീവ് എസ്. വൊക്കേഷനൽ ഹയർ സെക്കൻഡറി പ്രിൻസിപ്പൽ ഹരി കെ. ആർ., കുളക്കട കെ.യു.സി.റ്റി. ഇ പ്രിൻസിപ്പൽ ഡോ. രേണുക സോണി എൽ. ആർ, കുളക്കട ഹൈസ്കൂൾ പ്രഥമാധ്യാപകൻ പി ആർ ശ്രീകുമാർ, ഹയർസെക്കൻഡറി പ്രിൻസിപ്പൽ ജെസ്സി എസ്, രാഷ്ട്രീയ കക്ഷി നേതാക്കൾ തുടങ്ങിയവർ പങ്കെടുത്തു.

# അപേക്ഷ ക്ഷണിച്ചു

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ നിയന്ത്രണത്തിൽ വനിതാ ശിശു വികസന വകുപ്പിന്റെ സഹായത്തോടെ ആലപ്പുഴയിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ഹോമിലേക്ക് സൈക്കോളജിസ്റ്റിന്റെ (പാർട്ട് ടൈം) ഒരു ഒഴിവിൽ സ്ത്രീ ഉദ്യോഗാർഥികളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എം.എസ്സി/എം.എ (സൈക്കോളജി) യും ഒരു വർഷത്തെ പ്രവൃത്തി പരിചയവുമാണ് യോഗ്യത. പ്രായം 23 നും 45 നും ഇടയ്ക്ക്. പ്രതിമാസം 12,000 രൂപ വേതനം ലഭിക്കും. വെള്ള പേപ്പറിൽ തയാറാക്കിയ അപേക്ഷയോടൊപ്പം വിദ്യാഭ്യാസ യോഗ്യത, പ്രായം, പ്രവൃത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ് സഹിതം ഫെബ്രുവരി 14 ന് വൈകിട്ട് 5 നു മുമ്പ് അപേക്ഷ നൽകണം. സ്റ്റേറ്റ് പ്രോജക്ട് ഡയറക്ടർ, കേരള മഹിള സമഖ്യ സൊസൈറ്റി, റ്റി.സി. 20/1652, കല്പന, കുഞ്ചാലുംമൂട്, കരമന പി.ഒ, തിരുവനന്തപുരം എന്ന വിലാസത്തിലാണ് അപേക്ഷിക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക്: 04712348666,

## വിമുക്തി ജില്ലാ മിഷൻ കോഓർഡിനേറ്റർ നിയമനം

എക്സൈസ് വകുപ്പിന്റെ വിമുക്തി മിഷനിൽ തിരുവനന്തപുരത്ത് ജില്ലാ മിഷൻ കോഓർഡിനേറ്ററെ താത്ക്കാലികമായി നിയമിക്കുന്നു. ഒരു ഒഴിവാണുള്ളത്. 23നും 60നുമിടയിലാവണം പ്രായം. 50,000 രൂപയാണ് വേതനം.

സോഷ്യൽവർക്ക്, സൈക്കോളജി, സോഷ്യോളജി, വിമൻസ് സ്റ്റഡീസ്, ജൻഡർ സ്റ്റഡീസ് എന്നിവയിലൊന്നിൽ അംഗീകൃത സർവകലാശാലയിൽ നിന്നുള്ള ബിരുദാനന്തര ബിരുദം ഉണ്ടാവണം. ഡെപ്യൂട്ടി എക്സൈസ് കമ്മിഷണർ, എക്സൈസ് ഡിവിഷൻ ഓഫീസ്, ഈസ്റ്റ് ഫോർട്ട്, തിരുവനന്തപുരം 695023 എന്ന വിലാസത്തിലാണ് അപേക്ഷ നൽകേണ്ടത്. ഫോൺ: 04712473149. ബയോഡാറ്റ, സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം വേണം അപേക്ഷ നൽകേണ്ടത്.

## പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

സർക്കാർ/എയ്ഡഡ് കോളേജുകളിൽ രണ്ടാം വർഷ ബിരുദാനന്തര ബിരുദത്തിന് പഠിക്കുന്നവരും നിലവിൽ പഠനം പൂർത്തിയായതുമായ, കേന്ദ്ര സർക്കാർ മത ന്യൂനപക്ഷങ്ങളായി അംഗീകരിച്ച് പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് ജനസംഖ്യാനുപാതികമായി 'യു.ജി.സി/സി.എസ്.ഐ.ആർനെറ്റ്' പരീക്ഷാ പരിശീലനത്തിന് സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ മുസ്ലീം, ക്രിസ്ത്യൻ, സിഖ്, ബുദ്ധ, പാഴ്സി, ജൈന മതവിഭാഗത്തിൽപ്പെട്ട, ബിരുദാനന്തര ബിരുദ പരീക്ഷയിൽ 55 ശതമാനം മാർക്ക് നേടിയ, വിദ്യാർത്ഥികൾക്കാണ് ഓൺലൈൻ പരിശീലത്തിന് അർഹത. ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഡയറക്ടറേറ്റ് എംപാനൽ ചെയ്ത ഏഴ് സ്ഥാപനങ്ങൾ മുഖേനയാണ് ഓൺലൈൻ കോച്ചിംഗ് സംഘടിപ്പിക്കുന്നത്. ന്യൂനപക്ഷ മത വിഭാഗത്തിൽപ്പെട്ട എട്ട് ലക്ഷം രൂപ വരെ വാർഷിക വരുമാനമുള്ള വിദ്യാർഥികളെ പരിശീലനത്തിന് പരിഗണിക്കും. വിദ്യാർഥികളെ തെരഞ്ഞെടുക്കുന്നത് മാർക്കിന്റെയും കുടുംബ വാർഷിക വരുമാനത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും. അപേക്ഷ പൂരിപ്പിച്ച് അതത് ജില്ലകളിലെ പരിശീലന സ്ഥാപനങ്ങളിലേക്ക് ഇമെയിലിൽ സമർപ്പിക്കണം. പരിശീലന സ്ഥാപനത്തിന്റെ മേൽവിലാസം വെബ്സൈറ്റിൽ ലഭിക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 20. കൂടുതൽ വിവരങ്ങൾക്ക്: 04712300524.

## സ്കോളർഷിപ്പ് വിതരണത്തിന് അപേക്ഷ ക്ഷണിച്ചു

കേരള അബ്കാരി തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള വിദേശമദ്യ, ബാർ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ മക്കൾക്ക് 202021 (നിലവിൽ തുടർ വിദ്യാഭ്യാസ കോഴ്സുകളിൽ പഠിക്കുന്നവർക്ക്) അധ്യയന വർഷത്തിലെ സ്കോളർഷിപ്പിനും പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന വിദ്യാർഥികൾക്കുള്ള ലാപ്ടോപ്പിനും അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 28 നകം അപേക്ഷ നൽകണം.

കൂടുതൽ വിവരങ്ങൾക്ക് അതത് മേഖലാ വെൽഫെയർ ഫണ്ട് ഓഫീസുമായി ബന്ധപ്പെടണം. തിരുവനന്തപുരം 0471 2460667, എറണാകുളം 0484 2368531, കോഴിക്കോട് 0495 2768094.

## ക്വാറന്റൈൻ വേണ്ട രാജ്യാന്തര യാത്രക്കാർക്കുള്ള മാർഗ നിർദേശങ്ങൾ പുതുക്കി

ന്യൂഡൽഹി: വിദേശത്ത് നിന്നെത്തുന്നവർക്ക് നിർദേശിച്ചിരുന്ന ഏഴ് ദിവസത്തെ ക്വാറന്റൈൻ കേന്ദ്ര സർക്കാർ ഒഴിവാക്കി.

14 ദിവസം സ്വയം നിരീക്ഷണം മതിയെന്നാണ് പുതിയ നിർദേശം. വാക്സിനെടുത്തവർക്ക് ആർടിപിസിആറിന് പകരം വാക്സിൻ സർട്ടിഫിക്കറ്റ് മതിയെന്നും പുതിയ ഉത്തരവിൽ പറയുന്നു.

റിസ്ക് രാജ്യങ്ങളെന്ന കാറ്റഗറിയും ഒഴിവാക്കിയിട്ടുണ്ട്. പോസിറ്റീവാകുന്നവർക്ക് മാത്രം ക്വാറന്റീൻ നിർദ്ദേശിക്കും. 14 മുതൽ പുതിയ മാർഗനിർദേശങ്ങൾ പ്രാബല്യത്തിൽ വരുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം അറിയിച്ചു.

യാത്ര പുറപ്പെടുന്നതിന് 72 മണിക്കൂർ മുമ്പ് എടുത്ത ആർടിപിസിആർ നെഗറ്റിവ് ഫലം അപ്‌ലോഡ് ചെയ്യണമെന്ന വ്യവസ്ഥ തുടരും. വിദേശത്ത് നിന്നെത്തുന്നവർ എയർ സുവിധ പോർട്ടലിൽ സ്വയം സാക്ഷ്യപത്രം സമർപ്പിക്കണം. നാല് ദിവസത്തെ യാത്ര സംബന്ധിച്ച വിവരങ്ങളും യാത്രാതീയതിക്ക് 72 മണിക്കൂറിനുള്ളിൽ പരിശോധിച്ചതിന്റെ ആർടിപിസിആർ നെഗറ്റീവ് സർട്ടിഫിക്കറ്റ് ഉൾപ്പെടെയാണ് സമർപ്പിക്കേണ്ടത്.

## ബാബുവിനെതിരെ നടപടിയെടുക്കില്ല; സംഭവ കാരണം വനം വകുപ്പ് പരിശോധിക്കും

മലമ്പുഴയിൽ മലയിടുക്കിൽ കുടുങ്ങിയ ചെറാട് സ്വദേശി ആർ.ബാബുവിനെതിരെ വനം വകുപ്പ് നടപടികൾ സ്വീകരിക്കില്ലെന്ന് വനം മന്ത്രി എ.കെ.ശശീന്ദ്രൻ. ബാബുവിന്റെ കുടുംബവുമായി മന്ത്രി ഫോണിൽ ബന്ധപ്പെട്ടിരുന്നു. മകന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ച ക്ഷമിക്കണമെന്ന് അമ്മ ആവശ്യപ്പെട്ടിട്ടുണ്ട്. ബാബുവിന്റെ കുടുംബത്തെ ഉപദ്രവിക്കുന്ന ഒരു നിലപാടും വനം വകുപ്പ് സ്വീകരിക്കില്ല.

## ചുരുളി സിനിമയ്ക്കെതിരെ ഹർജി തള്ളി

കൊച്ചി:ചുരുളി സിനിമയുടെ പ്രദർശനം തടയണമെന്നാവശ്യപ്പെട്ടുള്ള ഹർജി ഹൈക്കോടതി തള്ളി. സിനിമയിൽ നിയമവിരുദ്ധമായി ഒന്നുമില്ലെന്ന പൊലീസ് റിപ്പോർട്ട് അംഗീകരിച്ചാണ് ഹൈക്കോടതിയുടെ ഉത്തരവ്. സിനിമ കണ്ടിട്ട് വേണം അതേക്കുറിച്ച് അഭിപ്രായം പറയാൻ, വിധി വായിച്ചിട്ട് വേണം അതിനെക്കുറിച്ചും അഭിപ്രായം പറയാൻ എന്നും ഹൈക്കോടതി വിധിയിൽ പറയുന്നു.

വിധിന്യായങ്ങളെ കുറിച്ച് അഭിപ്രായ പ്രകടനങ്ങൾ നടത്തുന്നതിന് മുൻപ് അത് വായിച്ചിരിക്കണമെന്നും ഈ സംസ്കാരം വളർത്തിയെടുക്കാൻ അഭിഭാഷകർക്കു നിർണായകമായ പങ്കു വഹിക്കാനുണ്ടെന്നും കോടതി ചൂണ്ടിക്കാട്ടി.

ചുരുളി കേസിലെ കോടതി നടപടികളുമായി ബന്ധപ്പെട്ടുണ്ടായ സമൂഹ മാധ്യമ വാർത്തകളെ പരാമർശിച്ചു കൊണ്ടാണ് കോടതി നിരീക്ഷണം.

ഭരണഘടന നൽകുന്ന ആവിഷ്കാരസ്വാതന്ത്ര്യത്തിനപ്പുറം ഈ സിനിമയിൽ നിയമലംഘനങ്ങളൊന്നുമില്ലെന്നാണ് സിനിമ പരിശോധിച്ച സമിതി വിലയിരുത്തിയത്. അശ്ലീലമായ പ്രയോഗങ്ങളോ, ചേഷ്ടകളോ പൊതു ഇടങ്ങളിൽ മാത്രമേ നിയമവിരുദ്ധമാകൂ. ഒടിടി പ്ലാറ്റ്!ഫോം പൊതു ഇടമല്ല. സെൻസറിംഗും നിലവിലെ നിയമപ്രകാരം ഒടിടിക്ക് ബാധകമല്ല. അതിനാൽ സിനിമക്കെതിരെ നിയമനടപടികളൊന്നും ആവശ്യമില്ലെന്നാണ് ഡിജിപിക്ക് സമിതി നൽകിയ റിപ്പോർട്ട്.




മന്ത്രി അഹമ്മദ് ദേവർ കോവിൽ VISVAMS വെബ്പോർട്ടൽ പ്രകാശനവും പാസ് ഘടിപ്പിച്ചിട്ടുള്ള വാഹനങ്ങളുടെ ഫ്ളാഗ്ഓഫും നിർവഹിക്കുന്നു

# കണ്ടൽക്കാടുകളുടെ സംരക്ഷണം

ന്യൂ ഡൽഹി : 'കണ്ടൽക്കാടുകളുടേയും പവിഴപ്പുറ്റുകളുടേയും സംരക്ഷണവും പരിപാലനവും' ഭാഗമാകുന്ന ദേശീയ തീരദേശ ദൗത്യം പരിപാടിയുടെ കീഴിൽ, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള വാർഷിക പരിപാലന കർമ പദ്ധതി (ങഅജ), എല്ലാ തീരദേശ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലും രൂപീകരിച്ച് നടപ്പിലാക്കുന്നു.

1986ലെ പരിസ്ഥിതി (സംരക്ഷണ) നിയമം അനുസരിച്ച് തീരദേശ നിയന്ത്രണ മേഖല (ഇഞദ) വിജ്ഞാപനം (2019); വന്യജീവി (സംരക്ഷണം) നിയമം, 1972; ഇന്ത്യൻ വന നിയമം, 1927; ജൈവ വൈവിധ്യ നിയമം, 2002 എന്നിവയിലൂടെ നിയന്ത്രണ നടപടികൾ നടപ്പിലാക്കുന്നു. ഈ നിയമങ്ങൾക്ക് കീഴിലുള്ള ചട്ടങ്ങൾ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്നുണ്ട്. വേൾഡ് വൈഡ് ഫണ്ട് ഫോർ നേച്ചർ, (ഡബ്ല്യുഡബ്ല്യുഎഫ്) ഇന്ത്യ, നൽകിയ വിവരമനുസരിച്ച്, കേരളം ഉൾപ്പെടെ ഒമ്പത് സംസ്ഥാനങ്ങളിലെ പൗരന്മാരെ ഉൾപ്പെടുത്തി കൊണ്ട് 'മാജിക്കൽ മാൻഗ്രോവ്' പ്രചാരണ പരിപാടിയിലൂടെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി ഡബ്ലിയു ഡബ്ലിയു എഫ് ഇന്ത്യ, പ്രവർത്തിക്കുന്നു. ഏകദേശം 180 സന്നദ്ധപ്രവർത്തകർ കണ്ടൽക്കാടുകളുടെ സംരക്ഷണത്തെക്കുറിച്ച് മനസിലാക്കുന്നതിനും കൂടുതൽ പേരെ ബോധവത്കരിക്കുന്നതിനും പ്രചോദിപ്പിക്കുന്നതിനുമായി സമയം കണ്ടെത്തിയിട്ടുണ്ട്. സന്നദ്ധപ്രവർത്തകർക്ക് ഇത് സംബന്ധിച്ചു അവതരണങ്ങൾ നടത്തുന്നതിനുള്ള സംവിധാനങ്ങളും, വീഡിയോകൾ, കഥാപുസ്തകങ്ങൾ എന്നിവയും പ്രത്യേക ആപ്പും സജ്ജീകരിച്ചിരിക്കുന്നു. കൂടാതെ, 'മാജിക്കൽ മാൻഗ്രോവ്' പ്രചാരണ പരിപാടിയിൽ 220 വെബിനാറുകളിലൂടെ ഇന്ത്യയുടെ തീരദേശ സംസ്ഥാനങ്ങളിലെ 15,600 ഓളം പൗരന്മാർക്ക് ബോധവൽക്കരണം നടത്തി. സർവേ, അതിർത്തി നിർണയിക്കൽ, അനുബന്ധ ഉപജീവനമാർഗം, സംരക്ഷണ നടപടികൾ, വിദ്യാഭ്യാസ ബോധവൽക്കരണ പ്രവർത്തനങ്ങൾ എന്നിവയുൾപ്പെടെയുള്ള കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നതിന് തീരദേശ സംസ്ഥാനങ്ങൾക്കും/കേന്ദ്ര ഭരണ പ്രദേശങ്ങൾക്കും കേന്ദ്ര ഗവണ്മെന്റ് സഹായം നൽകുന്നു.

# കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ പൊളിച്ചെഴുത്ത് അനിവാര്യം: മന്ത്രി കെ. എൻ. ബാലഗോപാൽ

സംസ്ഥാനങ്ങളുടെ സാമ്പത്തിക സ്ഥിതി ഏറെ പ്രതികൂലമാകുന്ന സാഹചര്യത്തിൽ കേന്ദ്ര സംസ്ഥാന സാമ്പത്തിക ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്ത് അനിവാര്യമാണെന്ന് ധനമന്ത്രി കെ. എൻ. ബാലഗോപാൽ അഭിപ്രായപ്പെട്ടു. രാജ്യത്തിന്റെ ഫെഡറൽ ഘടനയുടെ സുസ്ഥിരതയ്ക്ക് ഇത് അനുപേക്ഷണീയമാണ്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനും (ഗിഫ്റ്റ്) കാസർഗോഡ് കേന്ദ്ര സർവകലാശാല ഇക്കണോമിക്സ് വിഭാഗവും ചങ്ങനാശേരി എസ്. ബി കോളേജ് ഇക്കണോമിക്സ് വിഭാഗവും സംയുക്തമായി സാമ്പത്തിക സർവെ, യൂണിയൻ ബജറ്റ് എന്നീ വിഷയങ്ങളെ അധികരിച്ച് സംഘടിപ്പിച്ച വെബിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കേന്ദ്ര സർക്കാർ സംസ്ഥാനങ്ങൾക്ക് നൽകാനുള്ള ജി എസ് ടി നഷ്ടപരിഹാര കുടിശിക അടക്കമുള്ള കാര്യങ്ങൾ അടിയന്തരമായി വിതരണം ചെയ്യണമെന്ന് മന്ത്രി ആവശ്യപ്പെട്ടു. ജി എസ് ടി നഷ്ടപരിഹാരയിനത്തിൽ മാത്രം 12,000 കോടിയോളം രൂപയാണ് കേരളത്തിന് ലഭിക്കാനുള്ളത്. ഈ വർഷം ജൂണിൽ നഷ്ടപരിഹാരത്തിനായുള്ള സമയപരിധി അവസാനിക്കുകയാണ്. എന്നാൽ സംസ്ഥാനങ്ങളുടെ ധനകാര്യ രംഗത്തെ ഏറ്റവും നിർണ്ണായകമായി സ്വാധീനിക്കുന്ന ഇത്തരം വിഷയങ്ങളിൽ കേന്ദ്ര ബജറ്റ് കുറ്റകരമായ മൗനം അവലംബിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു.

സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതം പല വിധത്തിൽ കുറയുമ്പോഴും ചെലവുകൾ കുത്തനെ ഉയരുകയാണ്. ആരോഗ്യ രംഗം അടക്കമുള്ള സംസ്ഥാന വിഷയങ്ങളിൽ ഇത് ഉളവാക്കുന്ന പ്രതിസന്ധി ഗുരുതരമാണ്. കോവിഡ് വാക്സിനേഷന് വേണ്ടി കഴിഞ്ഞ ബജറ്റിൽ 35,000 കോടി രൂപ വകയിരുത്തിയപ്പോൾ ഇത്തവണ അത് 5000 കോടി മാത്രമാണ്. പലയിടത്തും രണ്ടാം ഡോസ് വാക്സിനേഷൻ പൂർത്തിയാകാത്ത സാഹചര്യത്തിലും ബൂസ്റ്റർ ഡോസ് അനിവാര്യമായതിനാലും ഈ തുക അപര്യാപ്തമാണ്. ഇതിനുള്ള അധിക ചെലവ് സംസ്ഥാനങ്ങൾക്ക് താങ്ങാൻ കഴിയുന്നതല്ലെന്ന് അദ്ദേഹം പറഞ്ഞു.

സംസ്ഥാനങ്ങളുടെ കടമെടുക്കുന്നതിനുള്ള പരിധി 4.5 ശതമാനമായി ഉയർത്തിയിട്ടുണ്ടെങ്കിലും ഇതിനുള്ള കർക്കശ നിബന്ധനകൾ കാരണം പ്രയോജനം ലഭിക്കാതെ പോകുന്നു. ഇതിൽ മാറ്റം വരുത്തേണ്ടത് അനിവാര്യമാണ്. എന്നാൽ ഇക്കാര്യത്തിൽ മൗനം അവലംബിക്കുന്ന യൂണിയൻ ബജറ്റ് പകരം, സംസ്ഥാനങ്ങൾക്ക് ഒരു ലക്ഷം കോടി രൂപ ദീർഘകാലാടിസ്ഥാനത്തിൽ വായ്പ നൽകുമെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. കേരളത്തിന് ഇത് വഴി 2000 കോടി രൂപ വരെ ലഭിച്ചേക്കാം. എന്നാൽ സംസ്ഥാന ചെലവുകൾ വലിയ തോതിൽ ഉയരുമ്പോൾ സംസ്ഥാനങ്ങളെ സഹായിക്കുന്ന സമീപനമല്ല കേന്ദ്രത്തിനുള്ളത്. ഇത് രാജ്യത്തിന്റെ ഫെഡറൽ ഘടനയ്ക്ക് കാര്യമായ ഭീഷണി ഉയർത്തുന്നുണ്ടെന്ന് മന്ത്രി പറഞ്ഞു.

ധനകമ്മി നികത്തുന്നതിനുള്ള ഗ്രാന്റുകൾ അടക്കമുള്ള കേന്ദ്ര വിഹിതങ്ങൾ കേരളത്തിന് അടുത്തകാലത്തായി വലിയ അളവിൽ കുറഞ്ഞതായി അദ്ദേഹം ചൂണ്ടിക്കാട്ടി. കേന്ദ്രധനകാര്യ കമ്മീഷനുകളുടെ അവാർഡുകളിൽ കേരളത്തിന് വിഹിതം കുറഞ്ഞു വരികയാണ്.

അതിസമ്പന്നർക്ക് കൂടുതൽ നികുതി ഏർപ്പെടുത്തുക എന്നതടക്കം പ്രത്യക്ഷ നികുതി വരുമാനം ഉയരുന്നതിനുള്ള ഒരു നിർദേശവും പുതിയ ബജറ്റിലില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തി. പകരം പരോക്ഷ നികുതി വഴി വരുമാനം ഉയർത്തുന്നതിനാണ് കേന്ദ്രം ഊന്നൽ നൽകുന്നത്. ഇതുവഴി വർധിക്കുന്ന വരുമാനത്തിന്റെ അർഹമായ വിഹിതം സംസ്ഥാനങ്ങൾക്ക് നൽകാതിരിക്കാൻ കേന്ദ്രം ബോധപൂർവം ശ്രമിക്കുന്നതായി മന്ത്രി പറഞ്ഞു. വരുമാനം സംസ്ഥാനങ്ങളുമായി പങ്ക് വയ്ക്കേണ്ടതില്ലാത്ത സ്പെഷ്യൽ എക്സൈസ് ഡ്യൂട്ടി, സർചാർജ്, സെസ് തുടങ്ങിയവ വർധിപ്പിക്കുന്നത് വഴി സംസ്ഥാനങ്ങളുടെ ധനസ്ഥിതിയിൽ പ്രതിസന്ധി ഉണ്ടാകുന്നു. ഈ നയത്തിൽ തിരുത്തൽ വരേണ്ടത് രാജ്യത്തിന്റെ ഫെഡറൽ ഘടന സംരക്ഷിക്കുന്നതിന് ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.

ഉദ്ഘാടന സെഷനിൽ ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ ജെ ജോസഫ് അധ്യക്ഷത വഹിച്ചു. സംസ്ഥാന അഡിഷണൽ ചീഫ് സെക്രട്ടറി ആർ. കെ. സിംഗ് മുഖ്യപ്രഭാഷണം നടത്തി. കേന്ദ്ര സർവകലാശാല ഇക്കണോമിക്സ് വിഭാഗം മേധാവി പ്രഫസർ കെ. സി. ബിജു സംസാരിച്ചു. തുടർന്ന് നാലു സെഷനുകളിലായി നടന്ന വെബിനാറിൽ നിരവധി സാമ്പത്തിക വിദഗ്ദ്ധർ പ്രഭാഷണം നടത്തി.



പൂവച്ചൽ ഗവൺമെന്റ് വി.എച്ച്.എസ്.എസിൽ അഞ്ചു കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ചു നിർമിച്ച കെട്ടിടത്തിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കുന്നു

# 53 ആധുനിക സ്കൂൾ കെട്ടിടങ്ങൾ മുഖ്യമന്ത്രി നാടിനു സമർപ്പിച്ചു

നവകേരളം കർമ പദ്ധതിയിലെ വിദ്യാകിരണം മിഷന്റെ ഭാഗമായി അത്യാധുനിക നിലവാരത്തിൽ നിർമിച്ച 53 സ്കൂൾ കെട്ടിടങ്ങൾ മുഖ്യമന്ത്രി പിണറായി വിജയൻ നാടിനു സമർപ്പിച്ചു. കിഫ്ബിയിൽനിന്നുള്ള അഞ്ചു കോടി രൂപ വീതം ചെലവാക്കി നിർമിച്ച നാലു കെട്ടിടങ്ങൾ, മൂന്നു കോടി വീതം ചെലവഴിച്ചു നിർമിച്ച 10 കെട്ടിടങ്ങൾ, ഒരു കോടിയുടെ രണ്ടു കെട്ടിടങ്ങൾ, പ്ലാൻ ഫണ്ടും മറ്റും പ്രയോജനപ്പെടുത്തി നിർമിച്ച 37 കെട്ടിടങ്ങൾ എന്നിവയടക്കം 90 കോടി രൂപയുടെ പദ്ധതികളാണ് മുഖ്യമന്ത്രി ഇന്നലെ(ഫെബ്രുവരി 10) ഉദ്ഘാടനം ചെയതത്. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ പരിപാടിയിലെ ആദ്യ പരിപാടിയായിരുന്നു ഇത്.

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം വഴി 9,34,000 വിദ്യാർഥികൾ പുതുതായി പൊതുവിദ്യാലയങ്ങളിലേക്കെത്തിയതായി മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ മാത്രമല്ല, വിദ്യാർഥികൾക്കു ലഭ്യമാകേണ്ട മറ്റ് ആധുനിക സൗകര്യങ്ങളും സജ്ജമാക്കണം. വിജ്ഞാന സമൂഹമെന്ന കാഴ്ച്ചപ്പാടോടെയുള്ള മുന്നേറ്റത്തിനു അത് പ്രധാനമാണ്. 100 ദിന പരിപാടിയിൽപ്പെടുത്തി കെഫോണിലൂടെ 140 നിയമസഭാ മണ്ഡലങ്ങളിലായി 100 കുടുംബങ്ങൾക്കു വീതം ബ്രോഡ്ബാൻഡ് കണക്റ്റിവിറ്റി ഒരുക്കാൻ തീരുമാനിച്ചിട്ടുണ്ട്. നാട് ആധുനിക ലോകത്തിനനുസൃതമായി മാറുന്നതിന്റെ സൂചകമാണിത്. സംസ്ഥാനത്തെ 30,000 സർക്കാർ ഓഫിസുകൾക്കും കെഫോണിന്റെ ഭാഗമായുള്ള കണക്ഷൻ നൽകും. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിൽ പൊതുവിദ്യാഭ്യാസ രംഗത്തിന് ഊന്നൽ നൽകിയ മാതൃകയിൽ കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയേയും ശാക്തീകരിക്കും. അതിനുള്ള നടപടികൾ വൈകാതെയുണ്ടാകും.

സർക്കാരിന്റെ ഒന്നാം വാർഷികത്തിന്റെ ഭാഗമായി പ്രഖ്യാപിച്ച 100 ദിന കർമ പരിപാടിയിൽ ലൈഫ് മിഷനിൽ പ്പെടുത്തി 20,000 കുടുംബങ്ങൾക്ക് 20,000 വീടുകൾ നൽകുമെന്നു മുഖ്യമന്ത്രി പറഞ്ഞു. വാതിൽപ്പടി സേവനം എല്ലായിടത്തേക്കും വ്യാപിപ്പിക്കും. 15,000 പേർക്കു പട്ടയം നൽകാനാണു തീരുമാനിച്ചിരിക്കുന്നതെങ്കിലും അതിലുമേറെ പട്ടയം നൽകാൻ കഴിയും. സുഭിക്ഷ ഹോട്ടലുകൾ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കും. 15 പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, 150 വെൽനസ് സെന്ററുകൾ, 150 വിദ്യാർഥികൾക്ക് നവകേരള ഫെലോഷിപ്പ്, 1500 ഗ്രാമീണ റോഡുകൾ, മാങ്കുളം ജല വൈദ്യുതി പദ്ധതി, ചേർത്തല മെഗാ ഫുഡ് പാർക്ക് തുടങ്ങി ഒട്ടേറെ പദ്ധതികൾ 100 ദിന പരിപാടിയുടെ ഭാഗമാണ്. കേരളത്തിന്റെ മുഖഛായ മാറ്റാനും നവകേരളം സൃഷ്ടിക്കാനുമാണു സർക്കാരിന്റെ ശ്രമം. അതിന് ഉതകുന്ന നടപടികളാണ് 100 ദിന പരിപാടിയുടെ ഭാഗമായി നടപ്പാക്കുക.

നൂറു ദിന പരിപാടിയുടെ ഭാഗമായി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ 23 ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണു പ്രതീക്ഷിക്കുന്നതെന്നു മുഖ്യമന്ത്രി പറഞ്ഞു. നിർമാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടു വരുന്നവയാണ് ഇത്. 100 ദിന പരിപാടിയിൽ 1557 പദ്ധതികളുണ്ടാകും. 17,183 കോടി രൂപയാണ് ഇതിൽ മുതൽമുടക്കുന്നത്. ഇത്ര ഭീമമായ തുകയ്ക്കുള്ള പരിപാടികൾ ചുരുങ്ങിയ ദിവസങ്ങൾക്കുള്ളിൽ പ്രാവർത്തികമാകാൻ പോകുകയാണ്. ഏതെങ്കിലും ഒരു വിഭാഗത്തെയോ പ്രദേശത്തെയോ കേന്ദ്രീകരിച്ചല്ല, സമൂഹത്തിന്റെയും നാടിന്റെയും എല്ലാ ഭാഗങ്ങളേയും സമഗ്രമായി സ്പർശിക്കുന്ന പദ്ധതികളാണ് നടപ്പാക്കുന്നത്.

നാടിന്റെ വികസനം ഉറപ്പാക്കുക എന്നതാണ് ജനങ്ങൾ അധികാരത്തിലേറ്റിയ സർക്കാരിന്റെ പ്രധാന കടമ. വികസനം ഏതെങ്കിലും വിഭാഗത്തിന് ആസ്വദിക്കാനുള്ളതല്ല, നാടിനാകെ ആസ്വദിക്കാനുള്ളതാണ്. ഇപ്പോഴത്തെ വികസന പദ്ധതികൾ ഇന്നു നാം കാണുന്ന മുതിർന്നവർക്കുള്ളതല്ല, ഇന്നു പഠിക്കുന്നവരും നാളെ പഠിക്കേണ്ടവരും അങ്ങനെ നമ്മുടെ ഭാവി തലമുറയ്ക്കും വേണ്ടിയുള്ളതാണ്. ഇവ ഒരുക്കാൻ കഴിയുന്നില്ലെങ്കിൽ വലിയ കുറ്റമായി മാറും. സർക്കാർ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യുന്നില്ലെന്നു ജനങ്ങൾ കുറ്റപ്പെടുത്തും. ചെറുതും വലുതുമായ പദ്ധതികൾ നാടിന്റെ വികസനത്തിനാണെന്ന മനോഭാവത്തോടെയാകണം കാണേണ്ടതെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഭൗതിക നിലവാരത്തിനൊപ്പം അക്കാദമിക് നിലവാരവും വർധിപ്പിക്കാനുള്ള ഊർജിത നടപടികൾ അടുത്ത അധ്യയന വർഷം മുതലുണ്ടാകുമെന്നു ചടങ്ങിൽ അധ്യക്ഷത വഹിച്ച പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി വി. ശിവൻകുട്ടി പറഞ്ഞു. എല്ലാ സ്കൂളുകളിലും ആധുനിക നിലവാരത്തിലുള്ള ലബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ ഇതിന്റെ ഭാഗമായി സജ്ജമാക്കും. കോവിഡ് സാഹചര്യത്തിൽനിന്ന് സാധാരണ അന്തരീക്ഷത്തിലേക്കു വിദ്യാലയങ്ങൾ തിരികെയെത്തുന്നതിനുള്ള എല്ലാ ശ്രമങ്ങളും ജാഗ്രതയോടെ വിദ്യാഭ്യാസ വകുപ്പ് സ്വീകരിക്കുകയാണ്. പാഠഭാഗങ്ങൾ കൃത്യമായി പഠിപ്പിച്ചു തീർക്കുന്നതിനുള്ള പരിശ്രമങ്ങൾ നടക്കുന്നു. പരീക്ഷകൾ കൃത്യസമയത്തു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞതായും അദ്ദേഹം പറഞ്ഞു.

തിരുവനന്തപുരം പൂവച്ചൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളിൽ നടന്ന സംസ്ഥാനതല ഉദ്ഘാടന ചടങ്ങിൽ മന്ത്രിമാരായ ആന്റണി രാജു, ജി.ആർ. അനിൽ, ജി. സ്റ്റീഫൻ എം.എൽ.എ, ചീഫ് സെക്രട്ടറി ഡോ. വി.പി. ജോയ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ഡി. സുരേഷ് കുമാർ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

## സ്റ്റേജ് ക്യാരിയേജുകളുടെ നികുതി മാർച്ച് 31 വരെ നീട്ടി

സംസ്ഥാനത്തെ സ്റ്റേജ് ക്യാരിയേജുകളുടെ ഈ സാമ്പത്തിക വർഷത്തിലെ അവസാന ക്വാർട്ടറിലെ നികുതി അടയ്ക്കുന്നതിനുള്ള കാലാവധി മാർച്ച് 31 വരെ നീട്ടി ഗതാഗത മന്ത്രി ആന്റണി രാജു ഉത്തരവിട്ടു. അവസാന ക്വാർട്ടറിലെ വാഹന നികുതി അടയ്ക്കുന്നതിനുള്ള കാലാവധി ഫെബ്രുവരി 14 വരെയായിരുന്നു. ഒമിക്രോണിന്റെ വ്യാപനം മൂലം സ്റ്റേജ് ക്യാരിയേജുകളുടെ വരുമാനത്തിൽ ഉണ്ടായ കുറവ് പരിഗണിച്ചാണ് മന്ത്രി ഉത്തരവിട്ടത്.




കേരള ശാസ്ത്ര കോൺഗ്രസ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുന്നു

# ശാസ്ത്ര സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവർ അന്ധവിശ്വാസങ്ങൾക്ക് കുടപിടിക്കുന്ന കാഴ്ച: മുഖ്യമന്ത്രി

ശാസ്ത്ര വികസനത്തിനായി രൂപീകരിക്കപ്പെട്ട സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്നവർ തന്നെ അന്ധവിശ്വാസങ്ങൾക്ക് കുടപിടിക്കുന്ന കാഴ്ചയാണ് ഇന്ന് കാണുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. 34 ാമത് കേരള ശാസ്ത്ര കോൺഗ്രസ് തിരുവനന്തപുരം മാർ ഇവാനിയോസ് കോളേജിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ശാസ്ത്രവും ആത്മീയതയും മതവുമെല്ലാം അതതു മേഖലകളിലാണ് പണ്ട് വ്യാപരിച്ചിരുന്നത്. എന്നാൽ ഇന്ന് ശാസ്ത്രത്തെ മതവുമായി കൂട്ടിച്ചേർക്കാനുള്ള കൊണ്ടുപിടിച്ച ശ്രമം നടക്കുന്നു. കെട്ടുകഥകളെ ശാസ്ത്ര സത്യമായി പ്രചരിപ്പിച്ചും യഥാർത്ഥ ശാസ്ത്രത്തെ പിന്തള്ളിയും കപട ശാസ്ത്രവാദികളെ ശാസ്ത്രസ്ഥാപനങ്ങളുടെ തലപ്പത്ത് പ്രതിഷ്ഠിച്ചുമാണ് ശാസ്ത്രത്തെ അപകടത്തിലാക്കുന്നത്.

ഈ കാലഘട്ടത്തിലും മന്ത്രവാദവും നിധി കിട്ടാനായി നരബലിയും നടക്കുന്നത് നടുക്കത്തോടെയാണ് കേൾക്കുന്നത്. ഇത് താഴെത്തട്ടിൽ നടക്കുമ്പോൾ മേൽതട്ടിലും ശാസ്ത്രത്തിനെതിരായ പ്രചാരണം നടക്കുന്നു. മഹാമാരിയെ കിണ്ണം കൊട്ടി ഓടിക്കാമെന്ന് പറയുന്നു. ഗണപതിയുടെ രൂപം പ്ലാസ്റ്റിക് സർജറിക്ക് തെളിവാണെന്ന് വാദിക്കുന്നു. ശാസ്ത്രപ്രചാരണത്തിലൂടെ മാത്രമേ ഇങ്ങനെയുള്ള അന്ധവിശ്വാസങ്ങളിൽ നിന്ന് മുക്തി നേടാനാകൂ. ഇത്തരം പ്രചാരണങ്ങൾക്കെതിരായ ചെറുത്തുനിൽപ്പിന്റെ വേദി കൂടിയാകണം ശാസ്ത്ര കോൺഗ്രസെന്ന് മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

ശാസ്ത്ര സാങ്കേതിക മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങളെ ശാക്തീകരിക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. ഇതിന്റെ ദൃഷ്ടാന്തമാണ് കെ ഫോണും കെ റെയിലും. ശാസ്ത്ര സങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിയാണ് ജനങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള ഇത്തരം പദ്ധതികൾ നടപ്പാക്കുന്നത്. ഇവ പ്രകൃതി സൗഹൃദവും സുസ്ഥിര വികസനം എന്ന ആശയത്തിൽ ഊന്നിയതുമാണ്.

ശാസ്ത്രപ്രചാരണം വഴി ശാസ്ത്രാവബോധം വളർത്തുകയെന്നത് ഓരോ പൗരന്റേയും ഉത്തരവാദിത്തമാകണം. ശാസ്ത്രത്തെ ജനകീയവത്ക്കരിക്കുന്നതിലൂടെ മാത്രമേ ഇത് സാധ്യമാകൂ. അത് സമ്മേളനങ്ങൾ കൊണ്ടു മാത്രം സാധിക്കുന്നതല്ല. ശാസ്ത്രലോകമാകെ ചുമലത ഏറ്റെടുക്കണം. ശാസ്ത്രമെന്നാൽ ശാസ്ത്രലോകത്തുള്ളവർക്കും ഗവേഷകർക്കും മാത്രമുള്ളതാണെന്ന ചിന്ത പൊളിച്ചെഴുതണം. ജനങ്ങളിലേക്ക് വിവരങ്ങൾ എത്തിക്കുകയും അറിവ് പകരുകയും ചെയ്യുന്ന വാർത്താ മാധ്യമങ്ങൾ പോലും ശാസ്ത്ര പ്രചാരണത്തിനു നേരേ മുഖം തിരിക്കുന്ന അവസ്ഥയുണ്ട്. ശാസ്ത്രം പ്രചരിപ്പിക്കുക എന്നാൽ പൊതുബോധത്തെ രൂപപ്പെടുത്തുക എന്നു കൂടിയാണ്. ശാസ്ത്രത്തെ ജനകീയവത്ക്കരിക്കുന്നതു പോലെ പ്രധാനമാണ് ശാസ്ത്ര രംഗത്തെ കുത്തകവത്ക്കരണത്തെ ചെറുക്കുന്നതും. ഒരു വ്യക്തിയോ സ്ഥാപനമോ നടത്തുന്ന കണ്ടുപിടിത്തം അവരുടേത് മാത്രമെന്ന് പറയുന്നത് ശരിയാണോയെന്ന് ചിന്തിക്കേണ്ടതുണ്ട്. പേറ്റന്റ് നിയമത്തിന്റേയും ഇന്റലക്ചൽ പ്രോട്ടർട്ടി റൈറ്റ്സിന്റേയും മറവിൽ ശാസ്ത്ര നേട്ടങ്ങളെ ചൂഷണത്തിനുള്ള ഉപാധിയാക്കുന്നതിനുള്ള പഴുതുകൾ അടയ്ക്കേണ്ടതല്ലേയെന്ന് മുഖ്യമന്ത്രി ചോദിച്ചു.

ഒരു വ്യക്തിക്ക് ശാസ്ത്രത്തിൽ അഗാധമായ അറിവുണ്ടായിട്ട് കാര്യമില്ല. സമൂഹ നൻമയ്ക്കായി ആ അറിവ് എത്രത്തോളം ഉപയോഗിക്കുന്നു എന്നതും സമൂഹത്തിലെ പ്രതിലോമ ചിന്തകളെ നേരിടാൻ ശാസ്ത്ര ചിന്തയെ എത്രമാത്രം ഉപയോഗിക്കുന്നു എന്നതും പ്രധാനമാണ്.

ഇന്നത്തെ കാലത്ത് കാലാവസ്ഥാ വ്യതിയാനം വലിയ പ്രശ്നം സൃഷ്ടിക്കുന്നു. ഈ വിഷയത്തിൽ ഗൗരവപൂർണമായ ഗവേഷണം നടത്തുന്നതിനാണ് കോട്ടയത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ളൈമറ്റ് ചേഞ്ച് എന്ന സ്ഥാപനത്തെ പുനസംഘടിപ്പിച്ചത്. തിരുവനന്തപുരത്തെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനെ രാജ്യത്തെ തന്നെ മികച്ച വൈറോളജി ഗവേഷണ കേന്ദ്രമായി വളർത്താനാണ് ശ്രമം. വികസന ക്ഷേമ പ്രവർത്തനങ്ങളിൽ സർക്കാരിന്റെ ഭാഗത്തു നിന്ന് യാതൊരു വീഴ്ചയുമുണ്ടാവില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. കേരളത്തിലെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ തൊഴിൽ അന്വേഷിച്ച് മറ്റു സ്ഥലങ്ങളിലേക്ക് പോകുന്നതിന് അന്ത്യം കുറിക്കാനാണ് ശ്രമം. കേരളത്തിൽ തന്നെ 40 ലക്ഷം തൊഴിൽ സൃഷ്ടിക്കാനാണ് ഉദ്ദേശിക്കുന്നത്. ശാസ്ത്ര പ്രചാരണത്തിലും ശാസ്ത്രത്തെ ജനകീയമാക്കുന്നതിലും കേരളം സ്വീകരിച്ച മാതൃക രാജ്യം പിൻതുടരുന്നത് സംസ്ഥാനത്തിന് അഭിമാനമാണെന്ന് മുഖ്യമന്ത്രി പറഞ്ഞു.

യുവ ശാസ്ത്ര അവാർഡ്, ഡോ. എസ്. വാസുദേവ് അവാർഡ്, ശാസ്ത്ര സാഹിത്യ അവാർഡ് എന്നിവ ചടങ്ങിൽ മുഖ്യമന്ത്രി വിതരണം ചെയ്തു. കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ എക്സിക്യൂട്ടിവ് വൈസ് പ്രസിഡന്റ് പ്രൊഫസർ കെ.പി.സുധീർ അധ്യക്ഷത വഹിച്ചു. കേരള സർക്കാരിന്റെ ശാസ്ത്ര ഉപദേശകനായ എം.സി.ദത്തൻ, മലങ്കര സിറിയൻ കാത്തലിക് ചർച്ച് മേജർ ആർച്ച് ബിഷപ്പ് ബസേലിയോസ് കർദിനാൾ ക്ലിമ്മീസ് കാതോലിക്കാ ബാവ, ഡിജിറ്റൽ സർവകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, നാറ്റ് പാക് ഡയറക്ടർ ഡോ. സാംസൺ മാത്യു എന്നിവർ പങ്കെടുത്തു.



കടയ്ക്കൽ സർക്കാർ എച്ച് എസ് എസിൽ നിർമ്മാണം പൂർത്തീകരിച്ച അനുബന്ധ കെട്ടിടം മന്ത്രി ജെ. ചിഞ്ചു റാണി ഉദ്ഘാടനം ചെയ്യുന്നു



പൂവച്ചൽ ഗവൺമെന്റ് വി.എച്ച്.എസ്.എസിൽ അഞ്ചു കോടി രൂപയുടെ കിഫ്ബി ഫണ്ട് ഉപയോഗിച്ചു നിർമിച്ച കെട്ടിടത്തിന്റെ ഉദ്ഘാടന ചടങ്ങിൽ സ്കൂളിലെ പ്ലസ് വൺ വിദ്യാർഥിനി ആൽഫിയ വരച്ച മുഖ്യമന്ത്രിയുടെ ഛായചിത്രം അദ്ദേഹത്തിനു കൈമാറുന്നു

# ശിവശങ്കർ സ്വപ്ന പോര് പുതിയ തലത്തിലേക്ക്

തിരുവനന്തപുരം: മുൻപ് അടുത്ത സുഹൃത്തുക്കളും സ്വർണക്കടത്തു കേസിലെ പ്രതികളുമായ എം.ശിവശങ്കറും സ്വപ്ന സുരേഷും തമ്മിലുള്ള കൊന്പുകോർക്കൽ പുതിയ തലത്തിലേക്ക്. ശിവശങ്കറിൻറെ അശ്വത്ഥാമാവ് വെറും ഒരു ആന എന്ന പുസ്തകം പുറത്തുവന്നതോടെയാണ് നേരത്തെ അടുത്ത സുഹൃത്തുക്കളായിരുന്ന ശിവശങ്കറും സ്വപ്നയും തമ്മിൽ ഇടയാൻ ഇടയായത്.

പുസ്തകത്തിൽ സ്വപ്നയെക്കുറിച്ചുള്ള ചില വിവാദ പരാമർശങ്ങൾ ഉണ്ടായിരുന്നു. യുഎഇ കോൺസുലേറ്റിലെ ഉദ്യോഗസ്ഥയായിരുന്ന സ്വപ്നയുമായി മൂന്നു വർഷത്തെ സൗഹൃദമുണ്ടായിരുന്നെങ്കിലും കുഴപ്പക്കാരിയാണെന്നും കള്ളക്കടത്തുകാരിയാണെന്നും കരുതിയിരുന്നില്ല. അവർ സ്വർണക്കള്ളക്കടത്ത് നടത്തിയെന്നറിഞ്ഞപ്പോൾ അസ്ത്രപ്രജ്ഞനായിപ്പോയെന്നും പുസ്തകത്തിൽ പറ!യുന്നു.

സ്വപ്നയെ തള്ളിപ്പറഞ്ഞുകൊണ്ടുള്ള പരാമർശങ്ങൾ പുസ്തകത്തിൽ ഉണ്ടെന്ന വാർത്ത മാധ്യമങ്ങൾ ആഘോഷമാക്കിയതോടെ നേരിട്ടു മറുപടിയുമായി സ്വപ്ന രംഗത്തിറങ്ങി. സ്വർണക്കടത്തു കേസിൽ റിമാൻഡിലായി ജാമ്യം ലഭിച്ചതിനു ശേഷം മാധ്യമങ്ങളിൽനിന്ന് അകന്നു നിന്നിരുന്ന സ്വപ്ന ആദ്യമായി മാധ്യമങ്ങൾക്ക് അഭിമുഖങ്ങൾ നൽകി.

ഈ അഭിമുഖങ്ങളിൽ തന്നെ തള്ളിപ്പറഞ്ഞ ശിവശങ്കറിനെതിരേ രൂക്ഷമായ വിമർശനങ്ങളാണ് സ്വപ്ന നടത്തിയത്. അദ്ദേഹവുമായി അടുത്ത ബന്ധം ഉണ്ടായിരുന്നെന്നും പല കാര്യങ്ങളിലും സഹായിച്ചിട്ടുണ്ടെന്നും അവർ പറഞ്ഞു. തൻറെ ജോലിക്കായി നൽകിയ വ്യാജ സർട്ടിഫിക്കറ്റിനെക്കുറിച്ചു ശിവശങ്കറിന് അറിയാമായിരുന്നെന്നും താൻ പുസ്തകം എഴുതുകയാണെങ്കിൽ ശിവശങ്കറിനെക്കുറിച്ച് എഴുതാൻ ഒരു വാല്യം തന്നെ വേണ്ടിവരുമെന്നും സ്വപ്ന തുറന്നടിച്ചിരുന്നു.

പല മാധ്യമങ്ങളിൽ അഭിമുഖം വന്നതിനു പിന്നാലെ സ്വപ്നയ്ക്കെതിരേ നിലനിന്നിരുന്ന പഴയ ഒരു കേസിൻറെ കുറ്റപത്രം ക്രൈംബ്രാഞ്ച് തിരക്കിട്ടു സമർപ്പിച്ചത് സ്വപ്നയെ കൂടുതൽ ചൊടിപ്പിച്ചിരിക്കുകയാണ്.

ശിവശങ്കറിൻറെ സ്വാധീനംകൊണ്ട് തൻറെ വായടപ്പിക്കാനാണ് തിടുക്കപ്പെട്ടു ക്രൈംബ്രാഞ്ച് കുറ്റപത്രം നൽകിയതെന്ന് അവർ മാധ്യമങ്ങൾക്കു മുന്നിൽ ആരോപിച്ചു. എയർ ഇന്ത്യ ജീവനക്കാരനെതിരേ വ്യാജ പീഡനപരാതി വന്നതുമായി ബന്ധപ്പെട്ട കേസിലാണ് സ്വപ്ന സുരേഷിനെതിരേ കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. എയർ ഇന്ത്യ സാറ്റ്സ് വൈസ് ചെയർമാനായിരുന്ന ബിനോയി ജേക്കബാണ് ഒന്നാം പ്രതി. കേസിൽ സ്വപ്ന രണ്ടാം പ്രതിയാണ്.

പത്തു പേർക്കെതിരേയാണ് ക്രൈംബ്രാഞ്ച് കുറ്റപത്രം നൽകിയിരിക്കുന്നത്. സ്വപ്ന എച്ച്ആർ മാനേജർ ആയിരുന്ന കാലത്താണ് വ്യാജപരാതി നൽകിയത്. പരാതിക്കു പിന്നിൽ സ്വപ്നയാണെന്നാണ് അന്വേഷണ സംഘത്തിൻറെ കണ്ടെത്തൽ. എയർ ഇന്ത്യ ഉദ്യോഗസ്ഥനായിരുന്ന സിബുവിൻറെ പരാതിയിലാണ് ഇപ്പോൾ അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചിരിക്കുന്നത്. 2016ലാണ് സിബു പരാതി നൽകിയത്.

എയർ ഇന്ത്യ സാറ്റ്സിലെ ജീവനക്കാരികളെ സിബു ലൈംഗികമായി അധിക്ഷേപിക്കുകയും ആക്രമിക്കുകയും ചെയ്തെന്നു കാട്ടി 17 ജീവനക്കാരികളുടെ പേരിൽ പരാതി വന്നതോടെയാണ് സംഭവങ്ങളുടെ തുടക്കം. പരാതി എയർ ഇന്ത്യയിലെ ആഭ്യന്തര സമിതി അന്വേഷിച്ചു സിബുവിനെതിരേ നടപടിയെടുത്തിരുന്നു.

എന്നാൽ, ഇതു ജീവനക്കാരികൾ അറിഞ്ഞു നൽകിയ പരാതി അല്ലെന്നും അവരുടെ പേരിൽ വ്യാജ പരാതി ചമയ്ക്കുകയായിരുന്നെന്നുമാണ് കേസ്. ബിനോയ് ജേക്കബിനു സിബുവിനോടുള്ള വിരോധം തീർക്കാനായിരുന്നു വ്യാജപീഡനപരാതി നൽകിയതെന്നാണ് കണ്ടെത്തൽ, പരാതി നൽകിയതായി പറഞ്ഞ ജീവനക്കാരികളെ ക്രൈബ്രാഞ്ച് നേരിട്ടു കണ്ടു മൊഴി രേഖപ്പെടുത്തിയപ്പോഴാണ് പരാതി വ്യാജമാണെന്നു വ്യക്തമായത്.

ഈ കേസിലെ കുറ്റപത്രമാണ് ഇപ്പോൾ സമർപ്പിച്ചതു ശിവശങ്കറിൻറെ സ്വാധീനം മൂലമാകാമെന്നു സ്വപ്ന ആരോപിച്ചിരിക്കുന്നത്. ഇതോടെ ശിവശങ്കറും സ്വപ്നയും തമ്മിലുടലെടുത്ത പോര് പുതിയൊരു തലത്തിലേക്ക് എത്തിയിരിക്കുകയാണ്. പോരാടാൻ തയാറായി ഇറങ്ങിയതാണെന്നും ഇതുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾ നേരിടാൻ തയാറാണെന്നും സ്വപ്ന സുരേഷ് ഇന്നു മാധ്യമങ്ങളോടു പറഞ്ഞു.

# കേട്ടാൽ അറപ്പുളവാക്കുന്നതാകരുത്, നാക്ക്: പോലീസിനെ വിമർശിച്ച് മുഖ്യമന്ത്രി

തിരുവനന്തപുരം: പോലീസിനെതിരെ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. പോലീസിൻറെ നാക്ക് കേട്ടാൽ അറപ്പുളവാക്കുന്നതാകരുതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. തൃശൂർ കേരള പോലീസ് അക്കാദമി പാസിംഗ് ഔട്ട് പരേഡിൽ സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. ക്ലിഫ് ഹൗസിൽ നിന്നും ഓൺലൈൻ വഴിയാണ് അദ്ദേഹം പോലീസ് സേനാംഗങ്ങളെ അഭിസംബോധന ചെയ്തത്. പോലീസ് സേനാംഗങ്ങൾക്ക് ആധുനിക പരിശീലനം കിട്ടിയിട്ടും പഴയ തികട്ടലുകൾ ഇപ്പോഴും ചിലരിലുണ്ട്. ഇത്തരം പെരുമാറ്റം പൊതുവെ പോലീസ് സേനക്ക് കളങ്കമുണ്ടാക്കുന്നുണ്ട്. കാലം മാറിയെങ്കിലും സേനയിൽ പോലീസിൻറെ പെരുമാറ്റത്തിൽ വലിയ മാറ്റം ഉണ്ടായിട്ടില്ല. പഴയകാലത്ത് അധികാരികൾ പോലീസിനെ ഉപയോഗിച്ചിരുന്നത് അടിച്ചമർത്താനായിരുന്നു.

പോലീസിന് നൽകുന്ന പരിശീലനം ശരിയായ നിലയിലല്ലെങ്കിൽ സമൂഹത്തിന് വിനയാകുമെന്നും അദ്ദേഹം പറഞ്ഞു. 1957 ലെ ഇ എം എസ് സർക്കാരാണ് അത് വരെയുണ്ടായിരുന്ന പോലീസ് സമ്പ്രദായങ്ങളെ മാറ്റിയത്. പോലീസിൻറെ പുതിയ മുഖം വെളിവാക്കപ്പെട്ട കാലം കൂടിയാണ് ഇത്. ജനങ്ങളെ ആപത് ഘട്ടത്തിൽ രക്ഷിക്കുന്നവരായി പോലീസ് മാറി.

പ്രളയം, കോവിഡ് തുടങ്ങിയ ഘട്ടങ്ങളിലെല്ലാം പോലീസിൻറെ ജനാഭിമുഖ്യമായ മുഖം കണ്ടു. ഇതിന് ഉതകുന്ന മാറ്റങ്ങൾ പരിശീലനത്തിലും ഉണ്ടാക്കാൻ കഴിയുമെന്നും മുഖ്യമന്ത്രി പറഞ്ഞു. പാസിംഗ് ഔട്ട് പരേഡിലെ മാറ്റം പരിശോധിക്കപ്പെടണമെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടാകുന്നത് കൊണ്ടാണ് തുടക്കത്തിലേ ഓർമ്മിപ്പിക്കുന്നതെന്നും നാടിൻറെ സാംസ്കാരിക ഉന്നമനത്തിന് അനുസരിച്ചുള്ള സേനയാണ് ആവശ്യമെന്നും പോലീസ് ഒരു പ്രഫഷണൽ സംവിധാനമായി മാറണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

# റബർ നിയമ ഭേദഗതി കർഷകരെ സംരക്ഷിക്കുന്ന തരത്തിലാകണം: കൃഷിമന്ത്രി

തിരുവനന്തപുരം : രാജ്യത്തെ റബർ കർഷകരുടെ ആത്മവിശ്വസം തകർക്കുന്ന തരത്തിലുള്ള റബർ നിയമത്തിലെ കരട് ഭേദഗതികൾ പുനഃപരിശോധിക്കണമെന്ന് കേരളം കേന്ദ്രത്തോട് ആവശ്യപ്പെട്ടു. റബർ കൃഷിയെ വ്യവസായവല്കരിക്കുന്നത് ഭൂരിഭാഗം വരുന്ന ചെറുകിട നാമമാത്ര കർഷകരെ പ്രതികൂലമായി ബാധിക്കുമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയലിനയച്ച കത്തിൽ സംസ്ഥാന കൃഷി മന്ത്രി പി പ്രസാദ് ചൂണ്ടിക്കാട്ടി. ഭേദഗതി ബില്ലിലെ കരട് നിർദേശങ്ങൾ റബർ ബോർഡിന്റെ ഘടന തന്നെ മാറ്റുന്നതും പ്രമുഖ റബർ ഉല്പാദക സംഘങ്ങളിലെ കർഷകർക്കും അതാത് സർക്കാരുകൾക്കും ബോർഡിലെ പ്രാതിനിധ്യം നഷ്ടപ്പെടുന്നതുമാണ്. നയപരമായ കാര്യങ്ങളിൽ കേന്ദ്രം ബോർഡിന്റെ അഭിപ്രായമാരാഞ്ഞ് തീരുമാനമെടുക്കാനുള്ള സാഹചര്യം തന്നെ നഷ്ടപ്പെടുമെന്നതും ഏറെ ആശങ്കാജനകമായ കാര്യമാണ്. പ്ലാന്റേഷൻ തൊഴിൽ മേഖലയിൽ നിരവധി നിയമങ്ങൾ ഉള്ള കേരളത്തെപ്പോലെയുള്ള സംസ്ഥാനത്ത് റബർ മേഖലയിൽ പുതിയ കേന്ദ്ര നിയമം കൊണ്ടുവരുന്നത് ഭരണഘടനാപരമായ തടസങ്ങൾക്കും ഇടയാക്കുമെന്നും മന്ത്രി ചൂണ്ടിക്കാട്ടി.

ബോർഡിൽ മൂന്നിലൊന്നു പ്രാതിനിധ്യം കർഷകർക്കായിരിക്കണമെന്നും. പ്രധാന റബർ ഉല്പാദകരായ കേരളത്തിനു മതിയായ പ്രാതിനിധ്യം ബോർഡിൽ ഉണ്ടാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു. 2009 ലെ റബർ (ഭേദഗതി) നിയമപ്രകാരം കൃഷി വകുപ്പിന് ലഭിച്ചിരുന്ന പ്രാതിനിധ്യവും പുതിയ ബില്ലിൽ റദ്ദ് ചെയ്യപ്പെട്ടിരിക്കുകയാണ്. 13 ലക്ഷത്തോളം വരുന്ന കർഷ!കരുടെ ഉപജീവന മാർഗമാണ് റബർ കൃഷി. ഈ ചെറുകിട നാമമാത്ര കർഷകരെ സംരക്ഷിക്കുന്ന തരത്തിലാകണം ബില്ലിലെ ഭേദഗതികൾ വരേണ്ടതെന്നും മന്ത്രി ആവശ്യപ്പെട്ടു. ബില്ലിൽ പൊതുതാല്പര്യപ്രകാരം ഭേദഗതി വരുത്തേണ്ട 13 നിർദേശങ്ങളും മന്ത്രി കേന്ദ്രത്തെ അറിയിച്ചു.

സുഗന്ധവിള നിയമത്തിൽ ചെറുകിട കർഷകർ സംരക്ഷിക്കപ്പെടണം

തിരുവനന്തപുരം: സുഗന്ധവിളകളെ സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് ബിൽ പ്രകാരം ചെറുകിട നാമമാത്ര കർഷകരെ സംരക്ഷിക്കുന്ന തരത്തിൽ ആവശ്യമായ ഭേദഗതികൾ ഉണ്ടാകണമെന്ന് കേന്ദ്ര സർക്കാരിനോട് കൃഷിമന്ത്രി പി പ്രസാദ് ആവശ്യപ്പെട്ടു. സ്പൈസസ് (പ്രൊമോഷൻ ആന്റ് ഡെവലപ്മെന്റ്) ബിൽ 2022 പ്രകാരം സ്പൈസസ് ബോർഡിന് സംസ്ഥാനത്തെ കാർഷിക യൂണിവേഴ്സിറ്റികളുമായും കൃഷിവകുപ്പുമായും സംയോജിച്ച് പ്രവർത്തിക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉണ്ടാകണമെന്ന് കേന്ദ്രമന്ത്രി പിയൂഷ് ഗോയലിന് അയച്ച കത്തിൽ ആവശ്യപ്പെട്ടു. ഇത് സുഗന്ധവിളകളുടെ ഉല്പാദനത്തിനും കയറ്റുമതിക്കും ശക്തി പകരുമെന്നും മന്ത്രി അഭിപ്രായപ്പെട്ടു.

ഏലം കർഷകരുടെ രജിസ്ട്രേഷൻ സംബന്ധിച്ച പരാമർശങ്ങളും സുഗന്ധവിളകളുടെ ഇറക്കുമതി നിയന്ത്രിക്കുന്നതിന് ആവശ്യമായ വകുപ്പും പുതിയ ഭേദഗതിയിൽ ഉണ്ടാവണം. സുഗന്ധവിള തോട്ടം മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികളുടെ താല്പര്യങ്ങൾ കൂടി സംരക്ഷിക്കുന്ന വ്യവസ്ഥകൾ ബില്ലിൽ ഉണ്ടാകണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

## ക്വട്ടേഷൻ ക്ഷണിച്ചു

നാഫെഡ് വഴിയുള്ള കൊപ്ര സംഭരണത്തിന് ഓരോ ജില്ലയിലും സഹകരണസംഘങ്ങളുടെ ഉപയോഗത്തിന് ഒരിക്കൽ മാത്രം ഉപയോഗിച്ച തുന്നിക്കെട്ടലുകൾ ഇല്ലാത്ത ചണചാക്കിനുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷനുകൾ കേരഫെഡ് ഹെഡ്ഓഫീസിൽ 16 ന് രാവിലെ 10.30 വരെ സ്വീകരിക്കും. രാവിലെ 11 മണിക്ക് ക്വട്ടേഷൻ തുറക്കും.

# സംസ്ഥാനത്ത് ഇന്ന് 18,420 പേർക്ക് കോവിഡ്

തിരുവനന്തപുരം: സംസ്ഥാനത്ത് ഇന്ന് 18,420 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. എറണാകുളം 3012, തിരുവനന്തപുരം 1999, കോട്ടയം 1749, കൊല്ലം 1656, തൃശൂർ 1532, കോഴിക്കോട് 1477, മലപ്പുറം 1234, ഇടുക്കി 1091, ആലപ്പുഴ 1025, പത്തനംതിട്ട 972, കണ്ണൂർ 950, പാലക്കാട് 858, വയനാട് 638, കാസർഗോഡ് 227 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 82,575 സാമ്പിളുകളാണ് പരിശോധിച്ചത്. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 3,88,601 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 3,80,753 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 7,848 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 1,205 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 2,32,980 കോവിഡ് കേസുകളിൽ, 3.4 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 20 മരണങ്ങളാണ് കോവിഡ് 19 മൂലമാണെന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ മുൻ ദിവസങ്ങളിൽ മരണപ്പെടുകയും എന്നാൽ രേഖകൾ വൈകി ലഭിച്ചത് കൊണ്ടുള്ള 168 മരണങ്ങളും സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 153 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 61,134 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 107 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 17,048 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 1,114 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 151 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 43,286 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 3778, കൊല്ലം 2919, പത്തനംതിട്ട 1098, ആലപ്പുഴ 2969, കോട്ടയം 3837, ഇടുക്കി 1458, എറണാകുളം 9691, തൃശൂർ 5283, പാലക്കാട് 2539, മലപ്പുറം 3068, കോഴിക്കോട് 2827, വയനാട് 1579, കണ്ണൂർ 1670, കാസർഗോഡ് 670 എന്നിങ്ങനേയാണ് രോഗമുക്തിയായത്. ഇതോടെ 2,32,980 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 60,70,170 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

## എസ്.ടി പ്രൊമോട്ടർ ഒഴിവ്

പട്ടികവർഗ വികസന വകുപ്പിൽ 1182 എസ്.ടി പ്രൊമോട്ടർ ഒഴിവുകളിലേക്ക് പത്താംക്ലാസ് പാസായ പട്ടികവർഗക്കാരിൽ നിന്നും അപേക്ഷ ക്ഷണിച്ചു. അവസാന തീയതി ഫെബ്രുവരി 28. കൂടുതൽ വിവരങ്ങൾക്ക്: www.std-d.k-er-a-l-a.gov.in, www.cm-d-k-er-a-l-a.n-e-t.

# അത്യാഹിത ചികിത്സയിൽ പ്രത്യേക പഠനം; എമർജൻസി മെഡിസിൻ പിജി കോഴ്സിന് അനുമതി

തിരുവനന്തപുരം: അടിയന്തര വിദഗ്ധ ചികിത്സ ലഭ്യമാക്കാനായി ആവിഷ്കരിച്ച എമർജൻസി മെഡിസിൻ വിഭാഗത്തിന് കരുത്തേകി എമർജൻസി മെഡിസിൻ പിജി കോഴ്സിന് അനുമതി ലഭ്യമായതായി ആരോഗ്യ മന്ത്രി വീണാ ജോർജ്. തിരുവനന്തപുരം മെഡിക്കൽ കോളജിൽ മൂന്ന് എമർജൻസി മെഡിസിൻ പിജി സീറ്റുകൾക്കാണ് നാഷണൽ മെഡിക്കൽ കമ്മീഷൻ അനുമതി നൽകിയത്.

എമർജൻസി മെഡിസിൻ പിജി കോഴ്സ് ഈ വർഷം തന്നെ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കുമെന്നും മന്ത്രി വ്യക്തമാക്കി. മറ്റ് പ്രധാന മെഡിക്കൽ കോളജുകളിലും എമർജൻസി മെഡിസിൻ കോഴ്സിനുള്ള അനുമതി ലഭിക്കാൻ ശ്രമിക്കുന്നതാണ്.

പ്രധാന മെഡിക്കൽ കോളജുകളിൽ എമർജൻസി മെഡിസിൻ വിഭാഗം ആരംഭിച്ചിട്ടുണ്ട്. അത്യാഹിത വിഭാഗത്തിൽ മെഡിസിൻ, സർജറി, ഓർത്തോപീഡിക്സ് തുടങ്ങിയ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ചാണ് എമർജൻസി മെഡിസിൻ വിഭാഗം ആരംഭിച്ചത്. ഈ വിഭാഗത്തിനായി 108 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തു.

മികച്ച ട്രയേജ് സംവിധാനം, രോഗ തീവ്രതയനുസരിച്ച് രോഗികൾക്ക് അടിയന്തര പരിചരണം ഉറപ്പാക്കാൻ പച്ച, മഞ്ഞ, ചുവപ്പ് മേഖലകൾ എന്നിവയെല്ലാം എമർജൻസി മെഡിസിൻ വിഭാഗത്തിൻറെ പ്രത്യേകതയാണ്. ഓപ്പറേഷൻ തീയറ്ററുകൾ, തീവ്ര പരിചരണ വിഭാഗങ്ങൾ, സ്കാനിംഗ് തുടങ്ങി വിവിധ പരിശോധനാ സംവിധാനങ്ങൾ ഒരൊറ്റ കുടക്കീഴിൽ ഏകോപിപ്പിച്ചുണ്ട്.

ഒരാൾ അപകടത്തിൽപ്പെട്ടാൽ ഗോൾഡൻ അവറിനുള്ളിൽ അദ്ദേഹത്തെ രക്ഷിക്കുക എന്നത് വളരെ പ്രധാനമാണ്. അതിന് വിദഗ്ധ പരിശീലനം ആവശ്യമാണ്. ഇത് മുന്നിൽ കണ്ട് സംസ്ഥാന സർക്കാർ ആരോഗ്യ പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനായി തിരുവനന്തപുരത്ത് അപെക്സ് ട്രോമ & എമർജൻസി ലേണിംഗ് സെൻറർ (എടിഇഎൽസി) ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു.

## റീജിയൺ ഡയറക്ടറെ നിയമിക്കുന്നു

കേരള സാമൂഹ്യ മിഷനിൽ ഒഴിവുള്ള റീജിയണൽ ഡയറക്ടർ (സിസ്റ്റം മാനേജ്മെന്റ്) തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ഓൺലൈൻ അപേക്ഷ ക്ഷണിച്ചു. അപേക്ഷ മാർച്ച് 7 വരെ സ്വീകരിക്കും. വിശദ വിവരങ്ങൾക്ക്: www.so-c-i-a-l-se-cur-tiym-i-ssion@gm-a-i-l.com, 04712341200.

## പട്ടികജാതി/ വർഗക്കാർക്ക് സൗജന്യ തൊഴിൽമേള

കേന്ദ്ര തൊഴിൽ ഉദ്യോഗ മന്ത്രാലയത്തിന്റെ കീഴിൽ തിരുവനന്തപുരത്ത് തൈക്കാട് പ്രവർത്തിക്കുന്ന ദേശീയ തൊഴിൽ സേവന കേന്ദ്രം (ചഇടഇ ളീ്യ ടഇ/ടഠ) പട്ടികജാതി/ പട്ടികവർഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് വേണ്ടി സൗജന്യമായി തൊഴിൽ മേള സംഘടിപ്പിക്കുന്നു. ഫിനാൻഷ്യൽ അഡ്വൈസർ, കൺസൾട്ടന്റ് തസ്തികകളിൽ 70 ഓളം ഒഴിവുകളുണ്ട്. 23ന് തൈക്കാട് ഗവ. സംഗീത കോളേജിന് പിന്നിലുള്ള എൻ.സി.എസ്.സി ഫോർ എസ്.സി/ എസ്.ടി യിലാണ് മേള നടക്കുക.

12ാം ക്ലാസോ അതിനു മുകളിലോ പാസായവരും 25നും 65നും ഇടയിൽ പ്രായമുള്ള ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാം. യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ 20നകം രജിസ്റ്റർ ചെയ്യണം. കൂടുതൽ വിവരങ്ങൾക്ക്: 04712332113/ 8304009409.



തുരുത്തീലമ്പലം മാവേലി സൂപ്പർ സ്റ്റോർ ഉദ്ഘാടന ചടങ്ങിൽ അധ്യക്ഷനായ മന്ത്രി കെ. എൻ. ബാലഗോപാൽ സൂപ്പർ സ്റ്റോറിലെ ഉത്പന്നങ്ങൾ പരിശോധിക്കുന്ന മന്ത്രി കെ. എൻ. ബാലഗോപാൽ

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.